വികൽപ്
സംഗം











# യുവജന കഥകൾ

## പ്രതീക്ഷ, ജീവനശേഷി, ഒന്നിച്ചുള്ള സ്വപ്നങ്ങൾ

---

'സാധാരണ' മനുഷ്യരുടെ
അസാധാരണ പ്രവൃത്തികൾ:
മഹാമാരിക്കും അടച്ചിടലിനും
അപ്പുറം പരമ്പരയിലെ
അഞ്ചാമത് പുസ്തകം

ഏപ്രിൽ 2021





# വിഷയവിവരം


മുഖവുര 01

ആദോർ 03
വൃദ്ധകളെ സഹായിക്കാനുള്ള യുവജന പദ്ധതി

ചിന്നരി 06
ബന്ധങ്ങൾ ശക്തിപ്പെടുത്തലും പ്രതീക്ഷ കണ്ടെത്തലും

ചാനൽ 5 09
ഓൺലൈൻ ശ്രവ്യമാധ്യമം

ശ്രമിക് സമ്മാൻ 12
അതിഥിതൊഴിലാളികൾക്ക് ജീവനം

ഗ്രീൻ വേംസ് 15
മാലിന്യത്തിൽ നിന്ന് ഉപജീവനം

സ്വരാജ് കണ്ടെത്തൽ 18
മാറ്റത്തിനുവേണ്ടിയുള്ള ചർച്ചകൾ

കമ്മ്യൂണിറ്റി കണക്ട് ചാലഞ്ച് 21
യുവജനങ്ങളിൽ നേതൃഗുണവും പൗരബോധവും സൃഷ്ടിക്കൽ

ബീജോത്സവ് 24
കർഷകരും ഉപഭോക്താക്കളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കൽ

ഫാം2ഫുഡ് ഫൗണ്ടേഷൻ 27
കൃഷി, ഭാവിക്കുവേണ്ടി

ആലോചനക്കായി ചില വിഷയങ്ങൾ 30

# മുഖവുര

നമ്മുടെ യുവജനങ്ങൾക്ക് സുരക്ഷിതവും ഐശ്വര്യപൂർണവുമായ ജീവിതം ഉറപ്പാക്കുന്ന ഒരു ഭാവി ഇന്ത്യയെക്കുറിച്ചുള്ള സ്വപ്നങ്ങൾ നമുക്ക് സാധ്യമാണോ? യുവതലമുറയിലെ ഓരോ അംഗങ്ങൾക്കും ആത്മവിശ്വാസത്തോടെയും ആത്മാഭിമാനത്തോടെയും തങ്ങളുടെ ജീവിതം കെട്ടിപ്പടുക്കാൻ തുല്യമായ അവസരങ്ങൾ പ്രദാനം ചെയ്യുന്ന ഒരു രാജ്യം. പുതിയ നൈപുണ്യങ്ങൾ കരഗതമാക്കാൻ അവരെ സഹായിക്കുന്ന ഒരു സമൂഹം. തുല്യവും വിവേചനങ്ങൾ ഇല്ലാത്തതും അവസരസമത്വം നൽകുന്നതും ആരോഗ്യ-ഭക്ഷ്യ രംഗങ്ങളിൽ സന്തുഷ്ടി പ്രദാനം ചെയ്യുന്നതുമായ ഒരു കാലം. സ്വന്തം ഭാവിയെക്കുറിച്ചു സ്വയം തീരുമാനമെടുക്കാവുന്നതും അതു നടപ്പിൽ വരുത്താൻ കഴിയുന്നതുമായ ഒരു സമൂഹം സാധ്യമാണോ?

ജനാധിപത്യത്തിൽ അടിയുറച്ച, തുല്യതയുടെയും നിലനില്പിന്റെയും മൂല്യങ്ങളിൽ വേരൂന്നിയ ഒരു സമൂഹത്തിന്റെ സൃഷ്ടിയാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. മറ്റുള്ളവരോടുള്ള കരുതൽ, ബഹുമാനം, സ്നേഹം, ഔദാര്യം, അനുകമ്പ, ആത്മാർത്ഥത തുടങ്ങിയവയാണ് അത്തരം ഒരു സമൂഹസൃഷ്ടിയുടെ കാതലായി വർത്തിക്കുന്നത്. മനുഷ്യരോടു മാത്രമല്ല, മറ്റു ജീവികളോടുമുള്ള കരുതലിന്റെ കാര്യമാണ് ഇവിടെ ചിന്താവിഷയമാകുന്നത്. അത് നമുക്ക് സാധ്യമാണോ?

ഇന്ത്യയുടെ ജനസംഖ്യയിൽ 27.5* ശതമാനം യുവജനങ്ങളാണ്. അവരുടെ ആവശ്യങ്ങൾ പരിഗണിക്കുന്ന നയങ്ങളും പരിപാടികളും അംഗീകരിച്ചു നടപ്പാക്കുകയെന്നത് പ്രധാനമാണ്. അത് സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങൾക്കിടയിൽ ( സാമ്പത്തിക കാരണങ്ങളാൽ അരികുകളിൽ തള്ളപ്പെട്ടവർ, ലൈംഗിക ന്യൂനപക്ഷങ്ങൾ, ജാതി-മത-വർഗ വിവേചനങ്ങൾ നേരിടുന്നവർ) ഉൾപ്പെടുന്നവരെയും മറ്റു വിഭാഗക്കാരെയും ഒരേപോലെ ഉൾക്കൊള്ളുന്ന നയങ്ങളാവണം. അതിലൂടെ നീതിയിൽ അധിഷ്ഠിതമായ ഒരു പുതുലോകം നമുക്ക് കെട്ടിപ്പടുക്കാൻ കഴിയണം.

2020ൽ കോവിഡ് മഹാമാരി ലോകമെങ്ങും നാശം വിതച്ചു കടന്നുവന്നപ്പോൾ നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന നിരവധി ദൗർബല്യങ്ങളെയാണ് അത് വെളിപ്പെടുത്തിയത്. പ്രതിസന്ധിയുടെ ആഘാതങ്ങൾ എല്ലാവരും അനുഭവിക്കുകയുണ്ടായി. എന്നാൽ ജീവിതായോധനമാർഗങ്ങളും തൊഴിലും വരുമാനവും നഷ്ടപ്പെട്ട ദുർബലവിഭാഗങ്ങളിൽ പെട്ട ജനങ്ങളാണ് ഏറ്റവും കൊടിയ ദുരിതങ്ങൾ നേരിട്ടത്.

ഈ അവസരത്തിൽ നിരവധി യുവജനങ്ങൾ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി സഹകരിക്കുകയുണ്ടായി. നഗരങ്ങളിൽ തൊഴിലും വരുമാനവുമില്ലാതെ പെട്ടുപോയ മനുഷ്യർക്ക് ഭക്ഷണവും മറ്റു അവശ്യവസ്തുക്കളും എത്തിച്ചു കൊടുക്കുന്നതിനു അവർ മുന്നിട്ടിറങ്ങി. സമൂഹത്തിൽ അത്തരം പ്രവർത്തനങ്ങൾ പ്രധാനമായിരുന്നു. അതേപോലെ പ്രധാനമാണ് ദുരന്തങ്ങളെ നേരിടാൻ ദുർബലവിഭാഗങ്ങളെ കഴിവുറ്റവരാക്കുന്ന തരത്തിലുള്ള മറ്റു പ്രവർത്തനങ്ങളും.

കോവിഡ് കാലം സമൂഹത്തിലെമ്പാടും കനത്ത മാനസിക സംഘർഷങ്ങളാണ് സൃഷ്ടിച്ചത്. അതു ഉണ്ടാക്കുന്ന പ്രശ്നങ്ങളെ നേരിടാൻ യുവജനങ്ങളുടെ പല സന്നദ്ധസംഘടനകളും ഒറ്റയ്ക്കും സംയുക്തമായും പല തരത്തിലുള്ള ക്രിയാത്മക ഇടപെടലുകളാണ് നടത്തിയത്. ഇത് വളരെ പ്രധാനമായ സാമൂഹിക ഇടപെടലായിരുന്നു. കാരണം അടച്ചിടൽ പലതരത്തിലുള്ള ഉത്കണ്ഠകളെയാണ് കെട്ടഴിച്ചുവിട്ടത്. സാമൂഹികമായ ഒറ്റപ്പെടൽ, ജീവനോപാധികളുടെ നഷ്ടം, അവനവന്റെയും ബന്ധുജനങ്ങളുടെയും ആരോഗ്യം സംബന്ധിച്ച ആകുലതകൾ, എന്നിങ്ങനെ.

* ഇന്ത്യയുടെ 2014 ദേശീയ യുവജന നയം അനുസരിച്ചു 15നും 29നും ഇടയിൽ പ്രായമുള്ളവരെയാണ് യുവജനങ്ങൾ എന്ന് വിളിക്കുന്നത്.

നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള പല യുവജനങ്ങളും ഈ പ്രശ്നത്തെ നേരിടാൻ തങ്ങളുടെ കൈവശമുള്ള ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിക്കുകയുണ്ടായി. ഓൺലൈൻ പ്ലാറ്റുഫോമുകൾ ഉപയോഗിച്ചു ചർച്ചകൾക്കും സംവാദത്തിനും ആശയങ്ങളും അനുഭവങ്ങളും കൈമാറുന്നതിനും പറ്റിയ വേദികൾ അവർ സൃഷ്ടിച്ചെടുത്തു. അതേപോലെ കഴിവുകൾ വികസിപ്പിക്കാനും വാസനകൾക്കനുസരിച്ചു കലാപരമായ പ്രവർത്തനങ്ങളിൽ ഇടപെടാനും ഇത്തരം വേദികൾ സഹായകമായി. മാത്രമല്ല പാരിസ്ഥിതിക വിഷയങ്ങൾ പോലുള്ള കാര്യങ്ങളിൽ ഇടപെട്ടു പ്രതിഷേധം ഉയർത്താനും സാധാരണ ജനങ്ങളുടെ ജീവിതത്തിന് ഭീഷണിയാകുന്ന വൻകിട ഡാമുകൾ അടക്കമുള്ള നിർമാണങ്ങൾ, പാറമടകൾ, ഖനനം തുടങ്ങിയ വിഷയങ്ങളിൽ ജനങ്ങളുടെ ഉത്കണ്ഠകൾക്ക് ഒപ്പം നിൽക്കാനും അവ പ്രേരകമായി.

അവനവന്റെ ഭക്ഷണം സ്വയം ഉത്പാദിപ്പിക്കാനുള്ള താത്പര്യമാണ് ഈ അവസരത്തിൽ പൊതുവിൽ കാണപ്പെട്ട മറ്റൊരു സവിശേഷത. നഗരത്തിലായാലും ഗ്രാമത്തിലായാലും ഉള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഭക്ഷ്യവിഭവങ്ങളും പച്ചക്കറികളും മറ്റും ഉത്പാദിപ്പിക്കാനുള്ള തീവ്രശ്രമങ്ങൾ നടന്നു. പല ഗ്രാമങ്ങളിലും കേട്ട ഒരു കഥ, തൊഴിൽതേടി നഗരങ്ങളിലേക്ക് പോയ യുവജനങ്ങൾ പലരും അടച്ചിടൽ വന്നപ്പോൾ ഗ്രാമത്തിൽ തിരിച്ചെത്തി കൃഷിപ്പണിയിൽ മുഴുകിയ അനുഭവങ്ങളാണ്. അതുപോലെ വിദ്യാർഥികൾ പലരും ഒഴിവുവേളകളിൽ അടുക്കളത്തോട്ടങ്ങളിൽ പണിയെടുത്തു. പലരും തങ്ങളുടെ മാതാപിതാക്കളെ അടുക്കളത്തോട്ടം ആരംഭിക്കാൻ പ്രേരിപ്പിക്കുന്നുമുണ്ടായിരുന്നു.

ഇത്തരത്തിലുള്ള അനുഭവങ്ങൾ ക്രോഡീകരിക്കാനുള്ള ഒരു ശ്രമമാണ് ഇവിടെ നടത്തിയിരിക്കുന്നത്. ഈ അനുഭവങ്ങൾ സമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്നതു വഴി ഭാവിയെക്കുറിച്ചു പ്രതീക്ഷ നിലനിർത്താൻ സാധിക്കുമെന്നാണ് കരുതുന്നത്. സമൂഹത്തിലെ വിടവുകൾ എത്ര ആഴത്തിലുള്ളതാണെന്നു ഈ അനുഭവങ്ങൾ നമ്മോടു പറയുന്നു. നമ്മുടെ ഭൂമി എത്ര വലിയ ഭീഷണികളെയാണ് നേരിടുന്നത് എന്ന് അവ ചൂണ്ടിക്കാണിക്കുന്നു. ഭാവി എത്രമാത്രം ഭയാനകമാകാം എന്ന ബോധ്യവും അത് നൽകുന്നു. അതേസമയം, പ്രതിസന്ധികളിൽ യുവജനങ്ങൾ നടത്തിയ ഇടപെടലുകൾ മറ്റൊരു ലോകം സാധ്യമാണ് എന്ന ശുഭപ്രതീക്ഷ ഉല്പാദിപ്പിക്കുന്നതുമാണ്. നമ്മൾ പ്രചരിപ്പിക്കുന്ന ഹഷ്ടാഗുകളും നമ്മൾ പ്രോത്സാഹിപ്പിക്കുന്ന ട്രെൻഡുകളും ഇത്തരമൊരു പ്രതീക്ഷാപൂർണമായ ഭാവിയിലേക്കു ഉറ്റുനോക്കുന്നതായിരിക്കണം!

# ആദോർ

## വൃദ്ധകളെ സഹായിക്കാനുള്ള യുവജന പദ്ധതി



സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും നിമിഷങ്ങൾ

### പ്രാന്തകഥ

നമ്മുടെ ലോകം ഭിന്നതകളുടെ ലോകമാണ്; ജനങ്ങളെ തമ്മിൽ ഭിന്നിപ്പിക്കാനായി പലവിധ മുൻവിധികളും ഉച്ചനീചത്വങ്ങളും അയുക്തികമായ ആചാരങ്ങളും ഉപയോഗിക്കപ്പെടുന്നു. ഒരു വലിയ വിഭാഗം ജനങ്ങൾ അരികുകളിലേക്കു തള്ളിമാറ്റപ്പെട്ടിരിക്കുന്നു; അവർ കഴിഞ്ഞുകൂടുന്നത് ലൈംഗിക തൊഴിലാളികളായും വിദേശരാജ്യങ്ങളിൽ അഭയാർത്ഥികളായും തോട്ടിപ്പണിക്കാരായും അനാഥാലയങ്ങളിൽ ഉപേക്ഷിക്കപ്പെട്ടും ഒക്കെയാണ്. പല സ്ത്രീകളും അടിമത്തത്തിനു സമാനമായ സ്ഥിതിയിലാണ് തൊഴിലിടങ്ങളിൽ കഴിയുന്നത്.

2006ൽ കൊൽക്കത്തയിൽ ആവിർഭവിച്ച പ്രാന്തകഥ എന്ന സർക്കാരേതര സ്ഥാപനം ഇങ്ങനെ പ്രാന്തങ്ങളിൽ കഴിഞ്ഞുകൂടുന്ന മനുഷ്യരുമായി ഇടപഴകി അവരുടെ ജീവിതകഥയുടെ ആഖ്യാനങ്ങളിലൂടെ പുതിയ ഒരു സമൂഹസൃഷ്ടിക്കു വേണ്ടിയാണ് ശ്രമം നടത്തുന്നത്. അരികുകളിൽ കഴിയുന്നവരെ സമൂഹത്തിലെ സജീവതയാർന്ന അംഗങ്ങളായി മാറ്റുകയാണ് ലക്ഷ്യം. പ്രത്യേകിച്ചും യുവജനങ്ങൾക്കിടയിലാണ് സംഘടനയുടെ പ്രവർത്തനമേഖല. അവഗണിക്കപ്പെട്ടവരുടെ ജീവിതത്തിൽ ആശ്വാസം എത്തിക്കാനുള്ള പ്രവർത്തനങ്ങളിലാണ് ശ്രദ്ധ കൊടുക്കുന്നത്. ലൈംഗികന്യൂനപക്ഷങ്ങളുടക്കമുള്ള വിഭാഗങ്ങളിലേക്ക് സംഘടന ഇതിനകം പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. കൊൽക്കത്ത കേന്ദ്രമാക്കി ബംഗാൾ സംസ്ഥാനം മുഴുക്കെ സംഘടന പ്രവർത്തിക്കുന്നു. സമൂഹത്തിലെ അരികുകളിൽ കഴിയുന്ന വിവിധ തരക്കാരായ ആളുകൾക്ക് ഒന്നിച്ചുവരാനും തങ്ങളുടെ അനുഭവങ്ങളും ജീവിതപ്രശ്നങ്ങളും പരസ്പരം പങ്കുവെക്കാനും പുതിയൊരു ജീവിതം കെട്ടിപ്പടുക്കാനുമുള്ള സൗകര്യം ഒരുക്കുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ സജ്ജീകരിച്ചരിക്കുന്നത്. പരസ്പരം സഹായിക്കാനും സേവിക്കാനും പുതിയ ബന്ധങ്ങൾ കെട്ടിപ്പടുക്കാനും അവർക്ക് കഴിയുന്നു. അങ്ങനെ വേദനയെ ശക്തിയാക്കി മാറ്റാനും തങ്ങളുടെ ജീവിതമേഖലകളിൽ മാറ്റത്തിന്റെ സന്ദേശവാഹകരാകാനും അവർക്കു സാധ്യത ഉയർന്നുവരുന്നു. 'കമ്മ്യൂട്ടിനി' എന്ന യുവജന പ്രസ്ഥാനത്തിലും 'വാർത്താലീപ്' പ്രസ്ഥാനത്തിലും ഉള്ള അംഗത്വത്തിലൂടെ സമൂഹത്തിലെ നിരവധി ആളുകളുമായി ബന്ധപ്പെടാനും പുതിയ സഖ്യങ്ങൾ കെട്ടിപ്പടുക്കാനും അവർക്കു സാധിക്കുന്നു. കഴിഞ്ഞ പതിനഞ്ചു വർഷങ്ങളിൽ ഇത്തരം 560 കഥകളാണു പ്രാന്തകഥയിലൂടെ പുറത്തുവന്നത്. അത് ആയിരക്കണക്കിന് മനുഷ്യരുടെ ജീവിതത്തെയാണ് മാറ്റിമറിച്ചത്.

# #സ്നേഹം #സഹാനുഭൂതി #ഒന്നിച്ചുനിൽക്കൽ

## ആദോർ - പരിഗണനയും സഹാനുഭൂതിയും

പ്രാന്തകഥയുടെ പ്രവർത്തനങ്ങളിൽ ഒന്ന് 'ആദോർ' എന്ന പേരിലാണ് അറിയപ്പെടുന്നത്. ബഹുമാനം, സ്നേഹം, സഹാനുഭൂതി എന്നൊക്കെയാണ് ഈ ബംഗാളി വാക്കിന്റെ അർഥം. കൊൽക്കത്തെയിൽ ദകൂറിയ തടാകം എന്നറിയപ്പെടുന്ന രബീന്ദ്ര സരോവറിനടുത്തുള്ള സ്ഥലങ്ങൾ ഒരുപാടു വൃദ്ധകൾ ജീവിതായോധനത്തിനായി പിച്ചയെടുക്കാൻ എത്തുന്ന സ്ഥലമാണ്. വൈധവ്യസൂചകമായ വെള്ളവസ്ത്രവും ധരിച്ചു എത്തുന്ന ഈ സ്ത്രീകളിലധികവും അറുപതു വയസ്സു പിന്നിട്ടവരാണ്. ആരും അവരെ ഗൗനിക്കാറില്ല. എന്നാൽ 2017ൽ പ്രാന്തകഥയുടെ പ്രവർത്തകരായ കുറെ യുവാക്കൾ അവരുടെ ജീവിതത്തിലേക്കു കടന്നുവന്നതോടെ ചിത്രം മാറി. തങ്ങളുടെ കുടുംബങ്ങളിൽ നിന്ന് ബഹിഷ്കൃതരായ ഈ സ്ത്രീകളെ സംരക്ഷിക്കുന്ന വിഷയം അവർ സാമൂഹിക മാധ്യമങ്ങളിൽ ചർച്ചയ്ക്കു വിധേയമാക്കി. ഈ അമ്മൂമ്മമാരുടെ ജീവിതച്ചെലവിന്റെ ഒരു പങ്കു ഓരോരുത്തർ വഹിക്കണമെന്ന നിർദേശമാണ് ഉയർന്നുവന്നത്. അവരുടെ അനുഗ്രഹം മാത്രമല്ല സ്നേഹവും പരിലാളനയും അതു യുവജനങ്ങൾക്ക് നൽകും. ആദരവ് എന്നർത്ഥം വരുന്ന ആദോർ എന്നാണ് പദ്ധതിയ്ക്ക് അവർ പേരിട്ടത്.

ഈ അഭ്യർത്ഥനക്കു വലിയ പ്രതികരണമാണ് എങ്ങും ഉണ്ടായത്. ചുരുങ്ങിയ കാലംകൊണ്ട് നിരവധി പൗരന്മാർ ഈ സഹായപദ്ധതിയുടെ ഭാഗഭാക്കായി. പിച്ചയെടുത്തു കഴിഞ്ഞിരുന്ന 32 വിധവകളും തങ്ങൾക്കൊരു പാർപ്പിടവും ജീവിത സൗകര്യങ്ങളും കണ്ടെത്തി. അങ്ങനെ പല തലമുറക്കാരായ ആളുകളുടെ ഒരു സമ്മേളനവേദിയായി അദോർ പരിവർത്തിതമായി. വളരെ അടുത്ത മനുഷ്യ ബന്ധങ്ങൾ ഉദയം കൊണ്ടു. യുവജനങ്ങൾ സ്നേഹവും പരിലാളനയും മാത്രമല്ല നേടിയത്. ഒറ്റപ്പെട്ട ന്യൂക്ലിയർ കുടുംബങ്ങളിൽ നിന്നുവന്ന പലർക്കും അമ്മൂമ്മയെന്ന അനുഭവം ഈ ബന്ധത്തിലൂടെയാണ് കൈവന്നത്. അതിലൂടെ സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിലുള്ള സാമൂഹികമതിലുകൾ പലതും തകർക്കപ്പെട്ടു. ഉന്നത മധ്യവർഗ കുടുംബങ്ങളിലെ യുവതീയുവാക്കളാണ് ആദോർ പദ്ധതിയിലുടെ സമൂഹത്തിന്റെ അരികുകളിൽ കഴിഞ്ഞ ഈ വിധവകളുടെ ജീവിതത്തിലേക്ക് എത്തിച്ചേർന്നത്.

## ആദോറും മഹാമാരിയും

2020 മാർച്ചുമാസത്തിൽ ജനതാ കർഫ്യൂ പ്രഖ്യാപനത്തിനു ഒരുദിവസം മുമ്പ് ആദോറിലെ യുവജനങ്ങൾ ഈ സ്ത്രീകളെ നേരിട്ടുകണ്ടു രണ്ടുമാസത്തെ റേഷനും മറ്റു അവശ്യവസ്തുക്കളും അവർക്കു കൈമാറി. വരും നാളുകളിൽ അവരുടെ സ്ഥിതി മോശമാകുമെന്നു പ്രാന്തകഥ പ്രവർത്തകർ ഭയപ്പെട്ടിരുന്നു. തങ്ങൾ അടച്ചിടൽ കാലത്തു വീണ്ടും പിച്ചയെടുക്കുന്ന രീതിയിലേക്ക് മാറുകയില്ല എന്നു വൃദ്ധകളായ സ്ത്രീകൾ ഉറപ്പിച്ചു പറഞ്ഞു. പിന്നീടുള്ള ഏഴു മാസങ്ങൾ അവർ പുറത്തിറങ്ങി സഞ്ചരിക്കാതെ കഴിഞ്ഞുകൂടി. അങ്ങനെ കോവിഡ് ബാധയിൽ നിന്നും അവരെല്ലാം രക്ഷപ്പെട്ടു. ഈ സമയത്തു അവരുടെ ആരോഗ്യപരിരക്ഷയ്ക്കും ഭക്ഷണത്തിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയത് പ്രാന്തകഥാ പ്രവർത്തകരാണ്. അതിനായി പ്രാദേശിക പോലീസ് അധികാരികളിൽ നിന്നും മുനിസിപ്പൽ അധികൃതരിൽ നിന്നും ദക്ഷിണ കൊൽക്കത്താ പ്രദേശത്തു നിന്നുള്ള മന്ത്രിമാരിൽ നിന്നും അവർക്ക് സഹായവും ലഭിച്ചു. ഈ കഥകളിലൊന്ന് ശ്രദ്ധേയമാണ്: കൊൽക്കത്തെയിലെ അറിയപ്പെടുന്ന ഒരു വ്യക്തി കോവിഡ് ബാധിതനായി. മുപ്പത്തെട്ട് ദിവസം വെന്റിലേറ്ററിൽ കഴിഞ്ഞശേഷമാണ് അദ്ദേഹം വീണ്ടും ജീവിതത്തിലേക്കു തിരിച്ചെത്തിയത്. ആദോറിലെ അമ്മൂമ്മമാരുടെ പ്രാർത്ഥനയാണ് തന്റെ ജീവനെ കാത്തതെന്നാണ് അദ്ദേഹം പിന്നീട് നന്ദിപൂർവം പറഞ്ഞത്!

കുട്ടികളെ നോക്കുന്ന ചില സംഘടനകൾ സമീപകാലത്തു ആദോറിലെ പ്രവർത്തകരെ സമീപിക്കുകയുണ്ടായി. പകൽ സമയത്തു കെയർഹോമുകളിൽ കുട്ടികളെ പരിപാലിക്കുന്ന ആയമാരായി ഈ അമ്മൂമ്മമാരുടെ സേവനം തേടിയാണ് അവർ ബന്ധപ്പെട്ടത്. ഇത്തരം ആവശ്യങ്ങളുമായി കുടുംബങ്ങളിൽ നിന്നും അഭ്യർത്ഥനകൾ വരാൻ തുടങ്ങിയിട്ടുണ്ട്. ആരാലും ശ്രദ്ധിക്കപ്പെടാതെ കഴിഞ്ഞുകൂടിയ ഈ സ്ത്രീകളുടെ ജീവിതത്തിൽ ഒരു പുതിയ അധ്യായം തുറക്കുകയാണെന്നു ആദോർ പ്രവർത്തകർ പ്രതീക്ഷിക്കുന്നു.

# #സ്നേഹം #സഹാനുഭൂതി #ഒന്നിച്ചുനിൽക്കൽ

### പാഠങ്ങൾ

സ്നേഹവും സഹാനുഭൂതിയും ശക്തമായ സാമൂഹിക മാറ്റത്തിനു വഴി തുറക്കുമെന്നു ആദോറിലെ അനുഭവം ചൂണ്ടിക്കാണിക്കുന്നു. അത്തരം അനുഭവകഥകൾക്കു സമൂഹത്തിൽ മാറ്റം കൊണ്ടുവരാനുള്ള ശേഷിയുണ്ട്.

അരികുകളിലെ പാവങ്ങളും വരേണ്യകുടുംബങ്ങളിലെ യുവജനങ്ങളും തമ്മിലുള്ള വ്യക്തിബന്ധങ്ങൾ സമൂഹത്തിലെ മുൻവിധികളെ ചെറുക്കാനും തുല്യതയുടെ അടിസ്ഥാനത്തിലുള്ള പുതിയ മൂല്യസങ്കൽപ്പങ്ങൾ വളർത്താനും സഹായകമാണ്. പരസ്പരാശ്രിതവും നീതിയുക്തവുമായ ഒരു പുതുലോക നിർമാണത്തിന് അതു അനിവാര്യമാണ്.

അരികുകളിലെ മനുഷ്യരുടെ അനുഭവങ്ങളും ശബ്ദവും മറ്റുള്ളവർക്കിടയിൽ – പ്രത്യേകിച്ചും യുവജനങ്ങൾക്കിടയിൽ – എത്തിക്കുന്നത് മുൻവിധികൾ തകർക്കാനും ജനങ്ങൾക്കിടയിലെ മതിലുകൾ ഇല്ലായ്മ ചെയ്യാനും സഹായകമായ പ്രക്രിയയാണ്.

### ബന്ധപ്പെടുക

ബപ്പാദിത്യ മുഖർജി, bappadityamukherjee1@gmail.com
https://prantakathaindia.org

--
ചിത്രങ്ങൾ: പ്രാന്തകഥ



സെൽഫി ചിരികൾ

# ചിന്നരി

## ബന്ധങ്ങൾ ശക്തിപ്പെടുത്തലും പ്രതീക്ഷ കണ്ടെത്തലും



പ്രാദേശിക വിത്തിനങ്ങൾ കൃഷി ചെയ്യുന്നു



അരക്ക് കെട്ടുകളാക്കി മാറ്റുന്നു

ഛത്തിസ്ഗഢിൽ പ്രവർത്തിക്കുന്ന യുവജനസന്നദ്ധ സംഘടനയാണ് 'ചിന്നരി: ദി യങ് ഇന്ത്യ'. അതിൽ അധികം പ്രവർത്തകരും വനിതകളാണ് (എന്നാൽ പുരുഷന്മാർക്കും അംഗത്വം ലഭ്യമാണ്). സംസ്ഥാനത്തെ വിദൂരഗ്രാമങ്ങളിൽ സാമൂഹിക പുനരുദ്ധാരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സംഘടന നടത്തുന്നത്. ഡാംത്തരി, കാങ്കർ ജില്ലകളിലെ അഞ്ചുഗ്രാമങ്ങളിലായി ഏതാണ്ട് നൂറോളം സ്ത്രീകളും പുരുഷന്മാരുമായി അത് പ്രവർത്തിക്കുന്നു. ചിന്നരി പദ്ധതിയിൽ ഗ്രാമങ്ങളിലെ സ്വാഭാവിക അന്തരീക്ഷത്തിൽ എങ്ങനെ സന്തുഷ്ടമായ ജീവിതം കെട്ടിപ്പടുക്കാം എന്ന പാഠങ്ങളാണ് നേടിയെടുക്കാൻ ശ്രമിക്കുന്നത്. ജനാധിപത്യ രീതിയിലുള്ള പ്രവർത്തന സംവിധാനമാണ് അത് വിഭാവനം ചെയ്യുന്നത്. ഗ്രാമത്തലവന്മാരെയല്ല, മറിച്ചു മുഴുവൻ ജനങ്ങളെയും ഒന്നിച്ചു അണിനിരത്തി പരിപാടികൾ ആസൂത്രണം ചെയ്യുകയാണ് അതിന്റെ രീതി. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ചിന്നരി പ്രവർത്തകർ നേതൃത്വം നൽകിയ ചില പദ്ധതികളാണ് താഴെ:

- സ്ത്രീകളുടെ നേതൃത്വത്തിൽ പ്രാദേശിക കൃഷിവികസനത്തിലൂടെ പോഷകഭക്ഷ്യ വിതരണം
- സ്ത്രീകളുടെ ശാരീരികമായ പ്രശ്നങ്ങൾക്ക് പരിഹാരം - ആർത്തവം, പ്രസവം തുടങ്ങിയ വിഷയങ്ങൾ
- തുറന്ന വിദ്യാകേന്ദ്രങ്ങളിലൂടെ ഗ്രാമവാസകളിൽ നിന്ന് നേരിട്ട് തൊഴിൽ വൈദഗ്ധ്യ പരിശീലനം
- വനവിഭവ ശേഖരണവും കൃഷിയും; അതിലെ വിഭവങ്ങൾ ഉപയോഗിച്ചു എംബ്രോയ്ഡറി, ചിത്രപ്പണി പരിശീലനം

മഹാമാരി വന്നപ്പോൾ ഗ്രാമങ്ങളിൽ വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായി. അതിനെ നേരിടാനുള്ള പ്രായോഗികവും ക്രിയാത്മകവുമായ പദ്ധതികൾ വികസിപ്പിക്കാനാണ് ചിന്നരി പ്രവർത്തകർ തയ്യാറായത്.

### കോവിഡ്-19 കാലത്തു ചിന്നരിയുടെ പ്രവർത്തനങ്ങൾ

കോവിഡ് മഹാമാരിയും അതിനെ ചെറുക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായ അടച്ചിടലും സാമ്പത്തികവും മാനസികവുമായ നിരവധി പ്രശ്നങ്ങൾ രാജ്യത്തെ മറ്റെല്ലായിടത്തേയും പോലെ ചണ്ഡീഗഢിലെ ജനങ്ങളെയും ബാധിക്കുകയുണ്ടായി. അവരുടെ വരുമാന സ്രോതസ്സുകൾ വറ്റിവരണ്ടു. ജനങ്ങൾ പുറത്തിറങ്ങാതെ വീടുകളിൽ തന്നെ തങ്ങാൻ നിർബന്ധിതരായി. ഗ്രാമത്തിലോ പുറത്തോ ഉള്ള ബന്ധുക്കളെയും സുഹൃത്തുക്കളെയും കാണുന്നതുപോലും പ്രയാസമായി. രോഗബാധ സംബന്ധിച്ച ഭീതിയാണ് പൊതുവിൽ എല്ലാകാര്യങ്ങളേയും നിയന്ത്രിച്ചത്. പഴയ സാമൂഹിക സംഘടനാരീതികളും മാനുഷികബന്ധങ്ങളും അസാധ്യമാകുമെന്ന നിലവന്നു.

ഈ വിഷമംപിടിച്ച അവസ്ഥയിൽ ചിന്നരിയിലെ വനിതാപ്രവർത്തകർക്ക് പരസ്പരം കണ്ടുമുട്ടാൻ പോലും കഴിയാത്ത സ്ഥിതിയുണ്ടായി. മഹാമാരി അവസാനിക്കാനാണ് അവർ കാത്തിരുന്നത്. എന്നാൽ മാസങ്ങൾ നീണ്ടുപോയതോടെ ജീവിതവും പ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകാൻ ബദൽ മാർഗങ്ങൾ അന്വേഷിക്കണം എന്ന ബോധ്യമുണ്ടായി. മഹാമാരിയുടെ ആഘാതം അവഗണിക്കാൻ വയ്യാത്തവിധം വ്യാപകമായിരുന്നു. അതിനാൽ തങ്ങളുടെ പഠനപരിപാടികൾ തുടരാൻ അവർ വഴികൾ തേടി. അങ്ങനെയാണ് ഫോണിൽ ലൗഡ് സ്പീക്കറിട്ടു ഒരു സംഘം വനിതകൾ പഠനപരിപാടികൾ തുടരുന്ന ആശയം ഉന്നയിച്ചത്. അങ്ങനെ പുതിയ മാർഗത്തിലൂടെ ചരിത്രം, ജീവശാസ്ത്രം, ഗ്രാമീണ സമ്പദ്ഘടന, വികസനം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകളും ചർച്ചകളും ആരംഭിച്ചു. അറ്റുപോയ കണ്ണികൾ കൂട്ടിച്ചേർക്കാനും ബന്ധങ്ങൾ വീണ്ടും ഊട്ടിയുറപ്പിക്കാനുമുള്ള അവസരമാണ് അതിലൂടെ അവർക്കു കൈവന്നത്. ഓരോ ഗ്രാമത്തിലും ചിന്നരി പ്രവർത്തകർ സ്ഥാപിച്ച വായനശാലയിൽ നിന്നും അവർ പുസ്തകങ്ങൾ എടുത്തുവായിച്ചു. ഹെലിന നോർബർഗിന്റെ 'പുരാതന ഭാവികൾ', മഹാത്മാഗാന്ധിയുടെ ‘ഹിന്ദ് സ്വരാജ്’, മഹാശ്വേതാദേവിയുടെ ആദിവാസി കഥകൾ തുടങ്ങിയ പുസ്തകങ്ങളാണ് പ്രധാനമായും വിതരണം ചെയ്തത്.

അടച്ചിടൽ നീണ്ടുപോകുകയും കോവിഡ് കേസുകൾ വർദ്ധിക്കുകയും ചെയ്തതോടെ ഗ്രാമീണസ്ത്രീകൾ തങ്ങളുടെ ക്രിയാശേഷികൾ വർധിപ്പിക്കുന്നതിനുള്ള പല പരിപാടികളും ആസൂത്രണം ചെയ്തു. പലരും ചിത്രകലയിലേക്കാണ് ഒഴിവു സമയങ്ങളിൽ തിരിഞ്ഞത്. അടച്ചിടൽ കാലത്തെ ചിത്രരചന രണ്ടു കാരണങ്ങളാൽ പ്രധാനമായിരുന്നു:

- വീട്ടിനകത്തിരുന്നാണ് വനിതകൾ ചിത്രരചനയിൽ മുഴുകിയതെങ്കിലും അതൊരു സാമൂഹിക പ്രവർത്തനമായിരുന്നു. സംഘത്തിലെ എല്ലാ അംഗങ്ങളും തങ്ങളുടെ രചനകൾ പരസ്പരം കൈമാറുകയും അഭിപ്രായങ്ങൾ പങ്കുവെക്കുകയും ചെയ്തു.
- തങ്ങളുടെ ഉത്കണ്ഠകളും ആശങ്കകളും നേരിടാൻ ഇത്തരം ക്രിയാത്മക പ്രവർത്തനങ്ങൾ അവർക്കു സഹായകമായി.

ചിന്നരിയുടെ മൂന്നാമത് വാർത്താപത്രികയിൽ ഇങ്ങനെ സൃഷ്ടിക്കപ്പെട്ട നിരവധി കലാസൃഷ്ടികൾ പ്രകാശിപ്പിച്ചിട്ടുണ്ട്. ഇത്തരം കലാപ്രവർത്തനങ്ങൾ മാനവികവികസനത്തിന്റെ കലയെ സംബന്ധിച്ച ആലോചനകൾക്കും പ്രേരകമായി. കോവിഡ് കാലത്തെ അടച്ചിടൽ സാമൂഹികബന്ധങ്ങളുടെ പ്രസക്തി സാധാരണ ജനങ്ങളെ കൂടുതൽ ബോധ്യപ്പെടുത്തി. സാമൂഹിക അകലം പാലിക്കുമ്പോൾ തന്നെ അവർ പലതരത്തിലുള്ള പുതിയ സാമൂഹികബന്ധങ്ങൾ കെട്ടിപ്പടുക്കുന്ന പ്രക്രിയയിലാണ് മുഴുകിയത്. വരകളും ചിത്രങ്ങളും നിറങ്ങളും അതിനു മിഴിവേകി. ഈ ഗ്രാമീണവനിതകളുടെ മനസ്സിൽ ഉറങ്ങിക്കിടന്ന സങ്കൽപ്പങ്ങൾ അതിലൂടെ മൂർത്തരൂപം പ്രാപിച്ചു. ജീവിതം ചുരുങ്ങിപ്പോവുകയായിരുന്നില്ല; മറിച്ചു അതിൽ പുതിയ തളിരുകൾ രൂപംകൊള്ളുകയാണ് ചെയ്തത്.

ഇത്തരം കലോപാസനകൾക്കു പുറമെ, 2020ലെ ഖരീഫ് കൃഷിയുടെ അവസരത്തിൽ സഹകരണാടിസ്ഥാനത്തിൽ കൃഷിപ്പണിയിൽ ഏർപ്പെടാനും അവർക്കു സാധിച്ചു. വീടുകളിൽ പ്രാദേശിക വിഭവങ്ങളാണ് അവർ നട്ടുവളർത്തിയത്. 2019ൽ തന്നെ ഈ പ്രവർത്തനങ്ങളാരംഭിച്ചിരുന്നു. കാരണം അതിനു ഒരുവർഷം മുമ്പ് 2018ൽ ഗ്രാമങ്ങളിൽ നടത്തിയ ഒരു ആരോഗ്യസർവേയിൽ മിക്ക സ്ത്രീകൾക്കും രക്തക്കുറവ് കാരണമുള്ള വിളർച്ചയുള്ളതായി കണ്ടെത്തിയിരുന്നു. അതിനാൽ പോഷകമൂല്യമുള്ള പ്രാദേശിക ഭക്ഷ്യവിഭവങ്ങളും പച്ചക്കറികളും നട്ടുവളർത്താനുള്ള പദ്ധതികൾ നേരത്തെ തുടങ്ങിയിരുന്നു. ചിന്നരി ഗ്രാമങ്ങളിലെ പോഷകമൂല്യമുള്ള ഭക്ഷ്യ വിഭവങ്ങൾ കണ്ടെത്തി അവയ്ക്ക് പ്രോത്സാഹനം നല്കാൻ ശ്രമിക്കുകയുണ്ടായി ('ബസുധ' എന്ന സംഘടനയുടെ സഹായത്തോടെയാണ് അത് ചെയ്തത്).

ഈ നാളുകളിൽ തങ്ങളുടെ പ്രദേശത്തെ വനങ്ങളെ സംബന്ധിച്ചു പഠനം നടത്താനും ഗ്രാമീണവനിതകൾ ഉത്സാഹം കാണിച്ചു. ആദിവാസി സമൂഹ ജീവിതത്തിന്റെ അഭേദ്യഭാഗമാണ് വനങ്ങൾ. യൂത്ത് ഫോർ ഫോറസ്റ്റ്സ് പരിപാടി വഴി ആദിവാസി ഗ്രാമീണരും വനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ വികസിപ്പിക്കാനുള്ള വഴികളാണ് ചിന്നരി ആസൂത്രണം ചെയ്തത്. ആദിവാസികളും വനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ മാറുകയാണ്; അതിൽ മുതലാളിത്ത കമ്പോളസമ്പ്രദായം പ്രധാന പങ്കു വഹിക്കുന്നു. യുവജനങ്ങൾ വനങ്ങളും അവയുടെ ചരിത്രവും പഠനവിധേയമാക്കി. വനങ്ങളെ കുറിച്ച് അവർ പഠിച്ചപ്പോഴാണ് ഈ വനങ്ങളിൽ ഇപ്പോഴുള്ളതും നേരത്തെ ഉണ്ടായിരുന്നതുമായ വിഭവങ്ങളെപ്പറ്റി അവർ ബോധവാന്മാരായത്. അത്തരം വിഭവങ്ങളിലൊന്ന് അരക്ക് എന്നറിയപ്പെടുന്ന പശയാണ്. 2020 ജൂലൈ മാസത്തിലാണ് വനിതകൾ അരക്കു നിർമാണസംരംഭം തുടങ്ങിയത്. 'സെന്റർ ഫോർ ഡെവലപ്മെന്റ് പ്രാക്ടീസ്'ന്റെ സഹായത്തോടെ അതിനായി അരക്കു ഈച്ചകളെ വളർത്താനും അവർ പരിശീലനം നേടി.

അങ്ങനെ മഹാമാരിയുടെ അടച്ചിടൽ കാലം സ്വാശ്രയത്വത്തിന്റെ പുതിയൊരു കാലത്തിന്റെ തുറവിയായാണ് പരിണമിച്ചത്. സർക്കാരിനെയും കമ്പോളത്തെയും നഗരങ്ങളെയും മാത്രം ആശ്രയിച്ചു ജീവിക്കാനാവില്ലെന്ന തിരിച്ചറിവും അവർക്കു കിട്ടിയത് ഇക്കാലത്താണ്. ഗ്രാമീണ സ്വാശ്രയത്വം അല്ലെങ്കിൽ ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന സങ്കൽപം ജനങ്ങളിലെത്തിക്കാനാണ് ചിന്നരി ഈ കാലഘട്ടത്തെ പ്രയോജനപ്പെടുത്തിയത്.

### പാഠങ്ങൾ

സമൂഹത്തിലെ വിവിധ വിഭാഗക്കാർക്കിടയിൽ അടുത്ത ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നത് പ്രതിസന്ധി ഘട്ടങ്ങളെ തരണം ചെയ്യാൻ ഏറ്റവും പ്രധാനമാണ്. ഗ്രാമീണ സ്വയംപര്യാപ്തതയുടെ ആദ്യപടിയെന്നത് സമൂഹങ്ങൾക്കിടയിലെ ഐക്യനിർമിതിയാണ്.

കലാപ്രവർത്തനം മനുഷ്യരുടെ ആന്തരിക സംഘർഷങ്ങൾക്ക് ഔഷധം മാത്രമല്ല, സാമൂഹികബന്ധങ്ങളുടെ നിർമാണത്തിലെ പ്രധാന കണ്ണിയുമാണ്. മനസ്സ് തുറന്നിരിക്കുമ്പോൾ നമ്മൾ അന്യരെക്കുറിച്ചു ചിന്തിക്കുന്നു; അതാണ് സമൂഹ നിർമാണത്തിലെ പ്രധാന കണ്ണി.

### ബന്ധപ്പെടുക


സ്വർണിമ കൃതി, swarnimakriti92@gmail.com
www.chinhari.co.in

അധികവിവരങ്ങൾക്ക്:
https://youtu.be/HbDPeuRf9SA

--
ചിത്രങ്ങൾ: അമിത് ഷെരാവത്

# ചാനൽ 5

## ഓൺലൈൻ ശ്രവ്യമാധ്യമം




ചാനൽ 5 ഓൺലൈൻ പരിപാടികൾ

മുംബൈയിലെ യുവജനങ്ങളുടെ പ്രസ്ഥാനമാണ് 'ബ്ലൂ റിബ്ബൺ മൂവ്മെന്റ്' (ബിആർഎം) എന്നപേരിൽ അറിയപ്പെടുന്ന സംഘടന. ഒരു നവലോകത്തിനു വേണ്ടിയുള്ള യുവജനമുന്നേറ്റത്തിന് നേതൃത്വം നൽകുകയാണ് അതിന്റെ ലക്ഷ്യം. അഗാധമായ ജനാധിപത്യ സമീപനമാണ് അതിന്റെ രീതി; ഓരോ തീരുമാനവും മുഴുവൻ അംഗങ്ങളുടെയും പൂർണ്ണസമ്മതത്തോടെയാണ് സ്വീകരിക്കപ്പെടുന്നത്.

മനുഷ്യർ സാമൂഹികജീവികളായതിനാൽ പരസ്പരബന്ധവും സമ്പർക്കവും പ്രധാനമാണ്. മഹാമാരിയുടെ കാലത്തു ഇതു പ്രത്യേകിച്ചും കൂടുതൽ അനിവാര്യമായി അനുഭവപ്പെട്ടു. പരസ്പരം കാണാനും അറിയാനും പങ്കുവെക്കാനും സഹായിക്കാനും ഉൽക്കടമായ ആഗ്രഹം സമൂഹത്തിൽ പ്രസരിച്ചു. കോവിഡ് 19 കാലത്തെ അടച്ചിടലിന്റെ പ്രതിസന്ധികളെ നേരിടാനുള്ള പദ്ധതികളുടെ ഭാഗമായാണ് ബിആർഎം പ്രവർത്തകർ ചാനൽ 5 എന്നപേരിൽ ഒരു ഓൺലൈൻ സംഭാഷണവേദിയ്ക്കു രൂപം കൊടുത്തത്. സാമൂഹികവും വ്യക്തിപരവുമായ ക്ഷേമത്തിലാണ് അത് ഊന്നൽ കൊടുത്തത്. അതിനു സമൂഹത്തിന്റെ പിന്തുണയും അവർക്കു ലഭിച്ചു. നഗരപ്രദേശങ്ങളിലെ യുവജനങ്ങൾക്കും മുതിർന്നവർക്കും ഇത്തരം വേദികളുടെ ലഭ്യത വളരെ പ്രധാനമായിരുന്നു. പലപ്പോഴും പരസ്പരസമ്പർക്കമില്ലാതെ കൂറ്റൻ കോൺക്രീറ്റ് കെട്ടിടങ്ങളിൽ ഒറ്റപ്പെട്ടാണ് അവരിൽ പലരും കഴിഞ്ഞുകൂടുന്നത്. മനുഷ്യബന്ധങ്ങൾ പലപ്പോഴും അവർക്കു അന്യമായിത്തീരുന്നു.

കോവിഡ് പ്രതിസന്ധിയുടെ നാളുകളിൽ ബിആർഎം പ്രവർത്തകർ തങ്ങളോടുതന്നെ ചില ചോദ്യങ്ങൾ ഉന്നയിച്ചു. അതിൽ നിന്ന് അവർ തിരിച്ചറിഞ്ഞത് സമൂഹത്തിൽ കുറെയൊക്കെ വരേണ്യമായ അവസ്ഥയിലാണ് തങ്ങൾ കഴിഞ്ഞുകൂടുന്നതെന്നാണ്. തങ്ങൾ ഡിജിറ്റൽ ലോകത്തു വ്യാപരിക്കുന്നവരാണ്. അടച്ചിടലിലും പരസ്പരം ബന്ധപ്പെടാനുള്ള മാർഗങ്ങൾ അവരുടെ മുന്നിലുണ്ട്. അങ്ങനെയാണ് പരസ്പരം സംസാരിക്കാനും ആശയങ്ങൾ കൈമാറാനുമുള്ള ചില വേദികൾക്കു രൂപം കൊടുക്കാൻ അവർ തയ്യാറായത്. ചിലതു പരസ്പരം സംസാരിക്കാൻ; മറ്റുചിലത് വെറുതെ കേട്ടിരിക്കാൻ. ചിലതു കുട്ടികൾക്കും യുവാക്കൾക്കും സമയം പോക്കനായി ലക്ഷ്യമിട്ടത്. വേറെ ചിലത് മുതിർന്നവർക്കു വേണ്ടിയുള്ള പരിപാടികൾക്കായി രൂപം കൊടുത്തത്. സമൂഹത്തിന്റെ വൈവിധ്യമാർന്ന ആവശ്യങ്ങൾ മുൻനിർത്തിയാണ് ചാനലിന്റെ രൂപകല്പന ചെയ്തത്.

#സമൂഹം #പിന്തുണാസംവിധാനം #ശ്രവ്യവേദികൾ

ചാനൽ 5 പരിപാടികൾ ആദ്യമായി ആരംഭിച്ചത് 2020 മാർച്ച് 27-28 തിയ്യതികളിലാണ്. ബിആർഎം വളണ്ടിയർമാരാണ് പരിപാടികൾ ആങ്കർ ചെയ്തത്. എന്താണ് നമ്മുടെ പ്രശ്നങ്ങൾ, എന്താണ് അതിനു പരിഹാരം, നിലവിലെ പ്രതിസന്ധിയുടെ അർത്ഥമെന്താണ്, അതിനോട് എങ്ങനെ പ്രതികരിക്കാം, എങ്ങനെ ജീവിതത്തിൽ സന്തോഷം നിലനിർത്താം തുടങ്ങിയ കാര്യങ്ങളൊക്കെ ചർച്ചയ്ക്കു വിഷയമായി. ആദ്യപരിപാടിയിൽ തന്നെ അമ്പതോളം ആളുകൾ പങ്കാളികളായി. ചിലർ ആദ്യാവസാനം പങ്കെടുത്തുവെന്നു മാത്രമല്ല, പിന്നീടും അതുമായി സഹകരിക്കുകയും ചെയ്തു. കോവിഡ് അടച്ചിടൽ കാലത്തെ ലോകത്തു എന്താണു സംഭവിച്ചു കൊണ്ടിരിക്കുന്നത് എന്നതാണ് അവരിൽ പലരും ഔൽസുക്യം പ്രകടിപ്പിച്ച ഒരു വിഷയം. ശാന്തമായി ഒരിടത്തിരുന്നു അത്തരം കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാനും ചോദ്യങ്ങൾ ഉന്നയിക്കാനും ഈ ചാനൽ അവർക്കു സഹായമേകി. കാറിലിരുന്ന് മണിക്കൂറുകളോളം പരിപാടികൾ ശ്രവിച്ച ഒരു അംഗം ഇതെത്ര മാത്രം പ്രധാനമാണ് തനിക്കെന്നു വിശദീകരിക്കുമ്പോൾ വികാരാധീനനായി വാക്കുകൾ കിട്ടാതെ വിങ്ങിപ്പൊട്ടി. പിന്നീട് എല്ലാ പരിപാടികളിലും അദ്ദേഹം സജീവമായി പങ്കെടുക്കുകയുണ്ടായി.

ഏപ്രിൽ മാസത്തിൽ ചാനൽ 5 പരിപാടികളുടെ രണ്ടാം പതിപ്പ് അരങ്ങേറി. മൂന്നുദിവസമായി നടന്ന പരിപാടികളിൽ ഏതാണ്ട് 60 പേർ പങ്കാളികളായി. ചർച്ചകളും ആലോചനകളും നടന്നു. ആരും പ്രശ്നങ്ങൾക്ക് അന്തിമപരിഹാരം നിർദേശിക്കാനൊന്നും മെനക്കെട്ടില്ല. താന്താങ്ങൾക്കു എന്തു തോന്നുന്നു എന്നതിലാണ് എല്ലാവരും ഊന്നിയത്. ചാനൽ 5 എല്ലാവർക്കും അവരുടെ മനസ്സിലുള്ളത് പറയാൻ ഒരു അവസരമൊരുക്കി. അവർ അനുഭവങ്ങളും വികാരങ്ങളും പങ്കുവെച്ചു. തങ്ങൾ ഒറ്റക്കല്ലെന്ന ബോധ്യത്തിൽ സന്തുഷ്ടരായി.

2020 ജൂൺ മാസം മൂന്നാമത് പരിപാടി അരങ്ങേറിയപ്പോഴേക്കും ചാനൽ 5 രാജ്യത്തിന്റെ പല ഭാഗത്തുനിന്നുമായി 150ൽ അധികം ശ്രോതാക്കളെയും പങ്കാളികളെയും നേടിക്കഴിഞ്ഞിരുന്നു. പലരും കേട്ടറിഞ്ഞാണ് പരിപാടികളിൽ പങ്കെടുത്തത്. പങ്കാളികൾക്കിടയിലെ സ്നേഹവായ്പും ബന്ധങ്ങളും അഗാധവും ആത്മാർത്ഥവുമായിരുന്നു. കേൾവിക്കാരും പറയുന്നവരും അഭിപ്രായങ്ങൾ കൈമാറുന്നവരും അർധരാത്രി പോലും പരസ്പരം കുടുംബകാര്യങ്ങളും ഇഷ്ടാനിഷ്ടങ്ങളും പങ്കുവെക്കുന്നവരുമായി അതിലെ പങ്കാളികൾക്കിടയിലെ ബന്ധങ്ങൾ വികസിച്ചു.

പലരും തങ്ങളുടെ അനുഭവങ്ങളും വികാരങ്ങളും പങ്കുവെച്ചു. അതിൽ ചിലത് ഇതാ:

“ചാനൽ 5 പ്രവർത്തനങ്ങളിൽ തുടക്കം മുതലേ പങ്കെടുക്കാൻ കഴിഞ്ഞത് നല്ല അനുഭവമായിരുന്നു. ജീവിതത്തിന്റെ മറ്റൊരു വശമാണ് ഞാനവിടെ കണ്ടത് . ചാനൽ 5നു നന്ദി.” - ദിവ്യാ റാവൽ.

“ചാനൽ 5 മനോഹരമായ ഒരു അനുഭവം ആയിരുന്നു. ഞാൻ എന്തിനുവേണ്ടിയാണോ ആഗ്രഹിച്ചത് അതാണവിടെ എനിക്ക് ലഭിച്ചത്.” - സിദ് കുബാവത്.

2020 സപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ പ്രേമം, പോപ് സംഗീതം, വേനലവധി തുടങ്ങിയ വിഷയങ്ങളെക്കുറിച്ചു ചാനൽ 5 മൂന്ന് പരിപാടികൾ സംഘടിപ്പിച്ചു. ചുറ്റും സമൂഹം വീണ്ടും സാധാരണനിലയിലേക്കു തിരിച്ചു വരാനുള്ള ശ്രമങ്ങൾ നടത്തുന്നതിനിടയിലാണ് ലളിതവും രസകരവുമായ മട്ടിൽ ഈ പരിപാടികൾ അവതരിപ്പിക്കപ്പെട്ടത്. പലരും പലതരം കഥകളും അനുഭവങ്ങളും പങ്കുവെച്ചു. അവർ പ്രകടിപ്പിച്ച പരസ്പരവിശ്വാസം അത്ഭുതകരമായിരുന്നു. പ്രേമാനുഭവങ്ങളും പ്രേമഭംഗങ്ങളും കുഞ്ഞുകാലത്തു അമ്മൂമ്മയും വല്യച്ഛനുമായി ഗ്രാമത്തിൽ വേനൽക്കാലം ചെലവഴിച്ചതും അവർ ഓർമിച്ചെടുത്തു. അതിൽ പങ്കാളിയായ പൂജ പറഞ്ഞതുപോലെ “പലപ്പോഴും നമ്മൾ തുറന്നു പറയാൻ മടിക്കുന്ന പലകാര്യങ്ങളും പങ്കുവയ്ക്കാൻ ചാനൽ 5 അതിലെ പങ്കാളികളെ സഹായിച്ചു. പരിപാടികൾ വളരെ നല്ല നിലയിലാണ് സംഘടിപ്പിക്കപ്പെട്ടത്. സ്വതന്ത്രമായി, അതേസമയം ധൈര്യമായി കാര്യങ്ങൾ പറയാൻ സംഘാടകർ പ്രേരണ നൽകി”.

# #സമൂഹം #പിന്തുണാസംവിധാനം #ശ്രവ്യവേദികൾ

ബിആർഎം പ്രസ്ഥാനത്തിലെ ഏറ്റവും ഇളയ അംഗങ്ങളിലൊരാളായ ആസന ഷായാണ് പരിപാടികൾ പലതും കൈകാര്യം ചെയ്തത് . "ഈ പ്രവർത്തനങ്ങൾ എനിക്ക് വളരെ പ്രധാനമാണ്. സമൂഹവുമായി വീണ്ടും ബന്ധം സ്ഥാപിക്കാനുള്ള ഒരു വഴിയാണ് അവിടെ തുറക്കപ്പെട്ടത്. അത് ഇത്തരം പരിപാടികളിൽ പങ്കെടുക്കാനും സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും യുവജനങ്ങളെ പ്രോൽഹിപ്പിക്കുകയും ചെയ്തു", ആസന പറയുന്നു.

### പാഠങ്ങൾ

യുവജനങ്ങളെ ക്രിയാത്മകമായ പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടുന്നതിന്റെ പ്രാധാന്യം ചാനൽ 5 വെളിപ്പെടുത്തി. സാമൂഹികമായ സന്നിദ്ധാവസ്ഥകളിൽ ക്രിയാത്മക പ്രവർത്തനങ്ങളുടെ ഗുണം വളരെ വലുതാണ്.

ഏതുനല്ല പ്രവർത്തിയും നടപ്പാക്കാൻ പണം പ്രധാനമാണെന്ന് സമൂഹം കരുതുന്നു. എന്നാൽ ഒരു സംഘം യുവജനങ്ങൾ സന്നദ്ധപ്രവർത്തനത്തിന് തയ്യാറായാൽ ഒരുപാടു നേട്ടങ്ങൾ കൈവരിക്കാമെന്നു ചാനൽ 5 അനുഭവങ്ങൾ ചൂണ്ടിക്കാട്ടുന്നു. ആത്മാർത്ഥമായ സന്നദ്ധപ്രവർത്തനം സാമൂഹികമാറ്റത്തിനു സഹായിക്കുന്ന ചാലകശക്തിയാണ്.

### ബന്ധപ്പെടുക

ആസന ഷാ, aasana@brmworld.org
https://brmworld.org/



# ശ്രമിക് സമ്മാൻ

## അതിഥിതൊഴിലാളികൾക്ക് ജീവനം



ബിഹാറിൽ സ്ഥാപിച്ച എണ്ണ ഉല്പാദനയന്ത്രം



ഫരീദാബാദ് വനിതകൾ മുളകൊണ്ട് കൊട്ട നിർമിക്കുന്നു

കോവിഡ് അടച്ചിടൽ വന്നപ്പോൾ ഏറ്റവും കൂടുതൽ പ്രയാസങ്ങൾ അനുഭവിച്ച വിഭാഗമാണ് ഇതരസംസ്ഥാന തൊഴിലാളികൾ. അവർക്കു കാര്യമായ ഒരു സഹായവും ലഭിച്ചില്ല, വിദൂരപ്രദേശങ്ങളിൽ പണിയും പണവുമില്ലാതെ കടുത്ത യാതനകളുമായാണ് അവർ ഏറ്റുമുട്ടിയത്. കണ്മുമ്പിൽ കാണപ്പെട്ട ദുരന്തമാണ് ഈയൊരു മാനുഷിക പ്രതിസന്ധിയെ തരണം ചെയ്യാനുള്ള വഴിയന്വേഷിക്കാൻ മുംബൈയിലെ 29കാരനായ സന്നദ്ധപ്രവർത്തകൻ ബിലാൽ ഖാനെ പ്രേരിപ്പിച്ചത്. 2020 മാർച്ചിൽ അത്യന്തം അനിവാര്യമായ ദുരന്തനിവാരണ പ്രവർത്തനങ്ങളാണ് അദ്ദേഹം ആദ്യമായി ആരംഭിച്ചത്. വിഷമകരമായ സാഹചര്യങ്ങളിൽ കഴിഞ്ഞുകൂടിയ തൊഴിലാളികൾക്ക് ഭക്ഷണവും മരുന്നും മറ്റു അവശ്യവസ്തുക്കളും എത്തിച്ചു കൊടുക്കാനാണ് അവർ ശ്രദ്ധിച്ചത്.

ഇങ്ങനെയുള്ള തൊഴിലാളികൾക്ക് തൊഴിലും വരുമാനവും ഇല്ലാതായതോടെ അവരിൽ നൂറുകണക്കിന് ആളുകൾ വിദൂരസ്ഥമായ തങ്ങളുടെ നാടുകളിലേക്ക് കാൽനടയായി പുറപ്പെട്ടു. പലരുടെയും ഗ്രാമങ്ങൾ നഗരത്തിൽ നിന്നും ആയിരക്കണക്കിന് കിലോമീറ്റർ അകലെയായിരുന്നു. ഈ അവസ്ഥയിലാണ് ബിലാൽ ഖാനും സുഹൃത്തുക്കളായ മനുഷ്യാവകാശ പ്രവർത്തക ലാറാ ജിസാനി, വ്യവസായി അനിൽ ഹെബ്ബാർ എന്നിവരും ചേർന്നു ശ്രമിക് സമ്മാൻ എന്നപേരിൽ ഇത്തരം തൊഴിലാളികൾക്ക് പിടിച്ചുനിൽക്കാൻ തൊഴിലും വരുമാനവും ഉറപ്പാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. തൊഴിലാളികൾ തൊഴിലന്വേഷിച്ചു വിദൂരപ്രദേശങ്ങളിലേക്കു യാത്ര ചെയ്യേണ്ടി വരുന്നത് നമ്മുടെ നിലവിലെ വികസനമാതൃകയുടെ പ്രധാനപ്രശ്നമായി അവർ തിരിച്ചറിഞ്ഞു. തൊഴിലുകൾ നഗരങ്ങളിലാണ് കേന്ദ്രീകരിക്കുന്നത് എന്നവർ മനസ്സിലാക്കി.

മഹാത്മാഗാന്ധിയുടെ ആശയങ്ങളാണ് ശ്രമിക് സമ്മാൻ പ്രവർത്തകരെ പ്രചോദിപ്പിച്ചത്. ഗ്രാമങ്ങളിൽ നിന്നും തൊഴിൽ തേടി വിദൂരങ്ങളിലേക്കു ജനങ്ങൾ പോകുന്ന അവസ്ഥ ഒഴിവാക്കപ്പെടണം. തങ്ങളുടെ ചുറ്റുവട്ടങ്ങളിൽ മാന്യമായി ജീവിക്കാനുള്ള വഴികൾ കണ്ടെത്താൻ അവർക്കു സാധ്യമാകണം. തൊഴിലുകളുടെ പ്രാദേശികവൽകരണമാണ് അതിനുള്ള പോംവഴി. ദൂരദേശത്തേക്കു പോകുന്നതിനു പകരം തൊഴിലാളികൾക്ക് സ്വന്തം ഗ്രാമങ്ങളിൽ തൊഴിൽ കണ്ടെത്താൻ കഴിയണം. അതിനു തങ്ങളുടെ ചുറ്റുമുള്ള വിഭവങ്ങളുടെ മേൽ ജനങ്ങൾക്ക് കൂടുതൽ നിയന്ത്രണം വേണം. അതിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകണം. പ്രാദേശിക നിയന്ത്രണവും പ്രാദേശിക കമ്പോളവികസനവും വഴി പ്രകൃതിസമ്പത്തിനു മേലുള്ള അനിയന്ത്രിതമായ കയ്യേറ്റവും അതിന്റെ നാശവും ഒഴിവാക്കാനും സാധിക്കും.

അതിനായി ഹെൽപ്പിങ് ഹാൻഡ് ചാരിറ്റബിൾ ട്രസ്റ്റ് എന്നൊരു സംഘടന വഴി ജനങ്ങൾക്കിടയിൽ നിന്ന് സഹായം സ്വീകരിക്കുന്ന പദ്ധതി ആരംഭിച്ചു. നടൻ മനോജ് ബാജ്പേയിയും അദ്ദേഹത്തിന്റെ ഭാര്യ ഷബ്ന റാസയുമാണ് അതിന്റെ മുന്നിൽ നിന്നത്. 2020 ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ 74മത് വാർഷികമായിരുന്നു. അതിനാൽ ആ വർഷം 74 തൊഴിൽ സംരംഭങ്ങൾക്ക് പിന്തുണ നൽകണം എന്നാണ് സംഘടന തീരുമാനിച്ചത്. ഉപജീവനത്തിനുള്ള 30 പദ്ധതികൾക്ക് ജാർഖണ്ഡ്, ബീഹാർ, ഹരിയാന, ത്രിപുര, ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലായി തുടക്കം കുറിച്ചു കഴിഞ്ഞു. അവയ്ക്കു കൃത്യമായ കർമ്മപദ്ധതികളും പ്രായോഗിക പരിജ്ഞാനവും സാമ്പത്തിക വിഭവങ്ങളും ഒരുക്കിക്കൊടുത്തു.

താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഓരോ പദ്ധതിയും തെരഞ്ഞെടുത്തത്:

- പ്രവർത്തനങ്ങളിൽ സുതാര്യത, കൃത്യത, നീതിനിഷ്ഠത
- അഴിമതിയും സ്വകര്യലാഭവും ഇല്ലാത്ത പ്രവർത്തനരീതി
- കൈതൊഴിൽകാർക്കും വൈദഗ്ധ്യം ഇല്ലാത്തവർക്കും കൂടുതൽ അവസരങ്ങൾ
- പ്രാദേശിക വിഭവങ്ങളും വിജ്ഞാനവും പ്രയോജനപ്പെടുത്തൽ
- നൈപുണ്യ വികസനത്തിനും പുതിയ തൊഴിലവസരങ്ങളുടെ സൃഷ്ടിപ്പിനും സൗകര്യം ഒരുക്കൽ
- പ്രകൃതി സൗഹൃദപരമായ പദ്ധതികൾ
- നിലനിൽക്കുന്നതും വ്യാപിപ്പിക്കാവുന്നതുമായ പദ്ധതികൾ

പ്രകൃതിവിഭവങ്ങളെ ആശ്രയിച്ചുള്ള കുട്ട-കസേര നിർമാണം, സോപ്പ്, ഷാംപൂ, എണ്ണകൾ തുടങ്ങിയവയുടെ നിർമാണം തുടങ്ങിയ കാര്യങ്ങളിൽ സംഘടന പരിശീലനം ഏർപ്പെടുത്തി. ബീഹാർ, ത്രിപുര, മുംബൈ തുടങ്ങിയ പ്രദേശങ്ങളിലാണ് അത്തരം പരിശീലന പരിപാടികൾ സംഘടിപ്പിച്ചത്. ബിഹാറിലെ ഒരു പരിപാടിയിൽ കമ്പോസ്റ്റ് വള നിർമാണത്തിനാണ് പ്രാധാന്യം കൊടുത്തത്. പ്രകൃതിസൗഹൃദ ജൈവവളം പ്രോത്സാഹിപ്പിക്കുകയും ചെലവേറിയതും ആരോഗ്യത്തിനു ഹാനികരവുമായ രാസവളങ്ങൾ നിരുത്സാഹപ്പെടുത്തുകയുമായിരുന്നു അതിന്റെ ലക്ഷ്യം. ബിഹാറിലെ ഭഗൽപൂർ ജില്ലയിലെ ബിഹപുർ ഗ്രാമത്തിൽ ഒരു കോൾഡ് പ്രസ്സ് എണ്ണ ഉല്പാദന പ്ലാൻറ്റും നിർമിക്കുകയുണ്ടായി. ഗ്രാമത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാനും ഗ്രാമീണരുടെ ഉത്പന്നങ്ങൾക്ക് ആവശ്യം വർധിപ്പിക്കാനും അത് സഹായകമായി.

ഫരീദാബാദിലെ ബനസ്വര സമുദായക്കാരായ സ്ത്രീകൾക്ക് വേണ്ടി വികസിപ്പിച്ച മറ്റൊരു പദ്ധതിയും എടുത്തുപറയേണ്ടതാണ്. രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് കുടിയേറി വന്ന കൂട്ടരാണ് അവർ. മുളയും ഈറ്റയും ഉപയോഗിച്ചു കുട്ടനിർമാണവും കയറ്റുകട്ടിലും മറ്റു ഗൃഹോപകരണങ്ങളും .നിർമിക്കുന്നതിൽ അവർക്ക് പ്രാവീണ്യമുണ്ട്. എന്നാൽ അവർക്കു അതിൽനിന്നു വളരെ ചുരുങ്ങിയ വരുമാനമാണ് ലഭിച്ചിരുന്നത്. കോവിഡ് അടച്ചിടൽ കാലത്തു അവരുടെ സ്ഥിതി അങ്ങേയറ്റം ദയനീയമായി. ഭക്ഷണത്തിനുപോലും വകയില്ലാത്ത അവസ്ഥയിലാണ് അവർ എത്തിച്ചേർന്നത്. മുളയും മറ്റു വസ്തുക്കളും ഉപയോഗിച്ചുള്ള നിർമാണങ്ങൾ പുനരാരംഭിക്കാനും അവ വില്പന നടത്താനും അവരെ സഹായിക്കുന്ന പദ്ധതിയാണ് ശ്രമിക് സമ്മാൻ പ്രവർത്തകർ ആവിഷ്കരിച്ചത്. ഈ പദ്ധതിയുടെ ഭാഗമായി 17 സ്ത്രീകൾക്ക് തങ്ങളുടെ പാരമ്പര്യ തൊഴിലിലേക്കു തിരിച്ചുപോകാനും ജീവിതമാർഗം കണ്ടെത്താനും കഴിഞ്ഞു. ഫരീദാബാദിലും ദൽഹിയിലും അവരുടെ ഉത്പന്നങ്ങൾക്ക് വിപണന സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഗുലാബ് കാളി, ജണ്ട, റാം കാളി തുടങ്ങിയ സ്ത്രീകൾ തങ്ങൾക്കു പരിചയമുള്ള ജോലിയിലേക്ക് തിരിച്ചെത്താനും അതുവഴി ജീവിതം തിരിച്ചുപിടിക്കാനും സാധ്യമായതിൽ വളരെയേറെ സന്തുഷ്ടരാണ്.

സംഘടന ഇതിനകം പിന്തുണച്ച മറ്റു തൊഴിൽവികസന പദ്ധതികളിൽ മുളയുല്പന്നങ്ങൾ, ഭക്ഷ്യശാലകൾ, തുണിനിർമാണവും വില്പനയും, ഗൃഹോപകരണ നിർമാണം, കോഴിക്കൃഷി, മുഖാവരണ നിർമാണം തുടങ്ങിയവ ഉൾപ്പെടുന്നു. ഈ 30 പദ്ധതികളിലായി അഞ്ഞൂറിലധികം ആളുകൾക്ക് വീണ്ടും തൊഴിലിലേക്കു പ്രവേശിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ പദ്ധതികൾക്കു സഹായം എത്തിക്കാനുള്ള പ്രവർത്തനങ്ങൾ മുന്നേറുകയാണ്. മാത്രമല്ല ഇങ്ങനെ നിർമിക്കപ്പെടുന്ന പലതരം ഉത്പന്നങ്ങളുടെ വിപണനത്തിന് ഓൺലൈൻ വഴിയുള്ള സംവിധാനങ്ങൾ വികസിപ്പിക്കാനും പരിപാടികളുണ്ട്.

ഗ്രാമതല തൊഴിൽസാധ്യതകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി എന്തുകൊണ്ടാണ് ആളുകൾ നഗരങ്ങളിലേക്ക് കുടിയേറാൻ നിർബന്ധിക്കപ്പെടുന്നത് എന്ന് പഠിക്കാനും ശ്രമിക് സമ്മാൻ പ്രവർത്തകർ ശ്രമം നടത്തുന്നുണ്ട് . ഉദാഹരണത്തിന് ബിഹാറിൽ അവർ ബന്ധപ്പെട്ട അഭയാർത്ഥി തൊഴിലാളികളിൽ അധികം പേർക്കും സ്വന്തമായി ഭൂമിയുണ്ടെന്നു അവർ കണ്ടെത്തി. പക്ഷേ ഇടക്കിടെയുണ്ടാകുന്ന വെള്ളപ്പൊക്കം പോലുള്ള പ്രശ്നങ്ങൾ കാർഷികവൃത്തിയെ ആകെ താറുമാറാക്കിയിരിക്കുകയാണ്. അതിനാൽ നിത്യച്ചെലവിനു വഴിതേടി സ്വന്തം കൃഷിയിടം വിട്ടു ദൂരേക്ക് പോകാൻ അവർ നിർബന്ധിതരാവുന്നു.

### പാഠങ്ങൾ

അഭയാർത്ഥി തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അവർ ഗ്രാമങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളെന്ത് എന്നു കണ്ടെത്തേണ്ടതുണ്ട്. അതിനു അടിസ്ഥാനപരമായ പരിഹാരം കണ്ടെത്തുകയാണ് ഗ്രാമങ്ങളിൽ നിന്നു തൊഴിൽ തേടിയുള്ള ഒഴിച്ചുപോക്കിനു യഥാർത്ഥ പരിഹാരം. ശ്രമിക് സമ്മാൻ പ്രവർത്തകർക്ക് ലഭിച്ച നിരവധി അപേക്ഷകളിൽ നിന്ന് മനസ്സിലാകുന്നത് സാധാരണ തൊഴിലാളികൾ സ്വതന്ത്രമായും മാന്യമായും തൊഴിലെടുത്തു ജീവിക്കാനുള്ള ഒരു അവസരത്തിനാണ് കാത്തിരിക്കുന്നതെന്നാണ്. എന്നാൽ പ്രാദേശികതല സംരംഭങ്ങൾ പച്ചപിടിക്കണമെങ്കിൽ അതിനു പറ്റിയ അന്തരീക്ഷം ഗ്രാമങ്ങളിൽ ഉണ്ടാവണം. അതിനായി നയരൂപീകരണ രംഗത്തു മാറ്റങ്ങൾ വരണം. വിദൂരഗ്രാമങ്ങളിലും നിർമാണാത്മക പ്രവർത്തനങ്ങൾക്ക് സർക്കാർ പ്രോത്സാഹനം നൽകണം. ജനങ്ങൾക്ക് ജീവിക്കാനുള്ള സൗകര്യങ്ങൾ നഗരങ്ങളിൽ മാത്രമല്ല, ഗ്രാമങ്ങളിലും വികസിപ്പിക്കണം.

### ബന്ധപ്പെടുക

ബിലാൽ ഖാൻ, bilalkhan3639@gmail.com
http://www.helpinghandsct.org

അധികവിവരങ്ങൾക്ക്:
https://www.facebook.com/Shramik-Sammaan-108008767667503

--
ചിത്രങ്ങൾ: ശ്രമിക് സമ്മാൻ

# ഗ്രീൻ വേംസ്

## മാലിന്യത്തിൽ നിന്ന് ഉപജീവനം



ചാലിയാർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനാംഗങ്ങൾ മാലിന്യം ശേഖരിച്ചു കേന്ദ്രത്തിൽ എത്തിക്കുന്നു

'ഗ്രീൻ വേംസ്' കേരളത്തിലെ കോഴിക്കോട്ട് കേന്ദ്രമാക്കി മാലിന്യ നിർമാർജനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു സംഘടനയാണ്. മാലിന്യത്തിന്റെ ഉത്ഭവത്തിൽത്തന്നെ ഇടപെട്ടു അതിന്റെ അളവ് കുറയ്ക്കുക, മാലിന്യം ഭൂമിനികത്തലിനു ഉപയോഗിക്കുന്നതും കടലിൽ തള്ളുന്നതും ഒഴിവാക്കുക, മാലിന്യനിർമാർജന രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് അന്തസ്സോടെ ജീവിക്കാൻ സൗകര്യമൊരുക്കുക തുടങ്ങിയവയാണ് അതിന്റെ ലക്ഷ്യങ്ങൾ. സീറോ വേസ്റ്റ് എന്നതാണ് അതിന്റെ പ്രധാന മുദ്രാവാക്യം. അതിനായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ശാസ്ത്രീയമായ നിർദേശങ്ങൾ സർക്കാർ സ്ഥാപനങ്ങൾക്കും സ്വകാര്യമേഖലയ്ക്കും ബ്രാൻഡ് ;ഉടമകൾക്കും സാമൂഹികസംഘടനകൾക്കും മറ്റും അത് നൽകുന്നു. വളരെ ചെറിയ തുടക്കമാണ് ഗ്രീൻ വേംസ് പ്രസ്ഥാനത്തിന് ഉണ്ടായിരുന്നത്. സംസ്ഥാനത്തെ ഒരു ഗ്രാമത്തിൽ നിന്നു വന്ന ജാബിർ കാരാട്ട് എന്ന യുവാവാണ് അതിനു തുടക്കമിട്ടത്. തന്റെ തൊഴിൽമേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനും അതിനു പരിഹാരം അന്വേഷിക്കാനും തുടക്കത്തിൽ അദ്ദേഹം മാലിന്യങ്ങൾ ശേഖരിക്കുന്ന തൊഴിലിൽ ഏർപ്പെട്ടു. 2014 മുതൽ ഈ രംഗത്തുള്ള അദ്ദേഹത്തിന്റെ അനുഭവങ്ങളാണ് ഗ്രീൻ വേംസ് എന്ന പ്രസ്ഥാനത്തിനു മുതൽക്കൂട്ടായത്.

മാലിന്യം കൈകാര്യം ചെയ്യുന്ന പ്രസ്ഥാനമെന്ന നിലയിൽ മാലിന്യത്തിലാണ് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതും അവസാനിക്കുന്നതും. അവർ ശേഖരിക്കുന്ന മാലിന്യത്തിൽ 85 ശതമാനവും സ്വയംനശിക്കുന്നവ (ബയോ ഡീഗ്രേഡബിൾ) അല്ല; അവ പുനരുപയോഗ സാധ്യത ഉള്ളവയുമല്ല. വീടുകളിൽ നിന്നും കടകളിൽ നിന്നും വ്യവസായങ്ങളിൽ നിന്നും എഫ്എംസിജി സ്ഥാപനങ്ങളിൽ നിന്നുമാണ് ഇത്തരം മാലിന്യങ്ങളിൽ ഭൂരിഭാഗവും വരുന്നത്. കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ 27,720 മെട്രിക് ടൺ മാലിന്യം അവർ വിജയകരമായി പുനരുത്പാദന പ്രക്രിയക്ക് വിധേയമാക്കി.

തങ്ങളുടെ ഇടപാടുകാർക്ക് വേണ്ടി സ്രോതസ്സിൽ തന്നെ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നിരവധി പരിപാടികൾ ഗ്രീൻ വേംസ് സമീപകാലങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി. മാലിന്യം വീണ്ടും ഉപയോഗയോഗ്യമാക്കുക, റീസൈക്കിൾ ചെയ്യുക, കംപോസ്റ്റ് ആയി പരിവർത്തിപ്പിക്കുക എന്നീ മാർഗങ്ങൾ വഴി അവ ജലാശയങ്ങളിൽ എത്തി പ്രകൃതിക്കു ദുരന്തം ഉണ്ടാക്കുന്നത് തടയുകയാണ് പരിപാടിയിൽ സ്വീകരിച്ച സമീപനം. അതിനായി ഗാർഹിക മേഖലകളിലും സ്ഥാപനങ്ങളിലും സീറോ വേസ്റ്റ് പദ്ധതി നടപ്പാക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി. സ്വയം സഹായസംഘങ്ങൾ രൂപീകരിച്ചു പ്രവർത്തിക്കാൻ വനിതകളെ സജ്ജരാക്കി. മാലിന്യനിർമാർജന പദ്ധതികൾ നടപ്പിലാക്കാൻ അവർക്ക് പരിശീലനം നൽകി. അങ്ങനെ മാലിന്യനിർമാർജനത്തിൽ നിരവധി സംരംഭകർ ഉയർന്നുവന്നു.

### കോവിഡ്-19 കാലത്തുള്ള  പ്രവർത്തനങ്ങൾ

കോവിഡ് നാട്ടിലെങ്ങും വ്യാപിച്ചതോടെ ഒറ്റത്തവണ ഉപയോഗിക്കുന്ന സാധനങ്ങൾ കമ്പോളം കീഴടക്കി. മാലിന്യത്തിന്റെ അളവ് വർധിച്ചു. ഈ പ്രശ്നത്തെ നേരിടാനായി സ്ഥാപനം പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചു പ്രവർത്തിക്കുകയുണ്ടായി. മുനിസിപ്പാലിറ്റികളിലെ വർദ്ധമാനമായ ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള പ്രായോഗിക പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പാക്കിയത്. അത് വിജയകരമായതോടെ നിരവധി പുതിയ തദ്ദേശസ്ഥാപനങ്ങൾ ഗ്രീൻ വേംസിന്റെ സഹായം തേടിയെത്തി. 2020 ഏപ്രിൽ മുതൽ ഗ്രീൻ വേംസ് 19 പഞ്ചായത്ത്-മുൻസിസിപ്പാലിറ്റി സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുണ്ട് (കേരളത്തിൽ 10, ഒഡിഷയിൽ 5, തമിഴ്നാട്ടിൽ 3, ആന്ധ്രയിലും തെലുങ്കാനയിലും ഓരോന്നുവീതം). ഈ പരിപാടികൾ ബന്ധപ്പെട്ട മേഖലകളിലെ മാലിന്യപ്രശ്നത്തിന് പരിഹാരം കാണുക മാത്രമല്ല, വിവിധ സ്വയംസഹായ സംഘങ്ങളിൽ പ്രവർത്തിച്ച 200ൽ അധികം വനിതകൾക്ക് തൊഴിൽ പ്രദാനം ചെയ്യുകയുമുണ്ടായി. തങ്ങളുടെ പ്രവർത്തനമണ്ഡലം വ്യാപിച്ചതോടെ ഗ്രീൻ വേംസിനു പുതിയ ജീവനക്കാരെ എടുക്കേണ്ടി വന്നു--ഒമ്പതു ജീവനക്കാർ, ഒരു ഇന്റേൺ, നാലു ഫെല്ലോകൾ എന്നിവരാണ് പുതുതായി സ്ഥാപനത്തിൽ ചേർന്നത്. 20നും 31നും ഇടയിലാണ് അവരുടെ പ്രായം. കോവിഡ് കാലത്തു മറ്റു സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരെ പിരിച്ചുവിടുന്ന കാലത്താണ് ഗ്രീൻ വേംസിനു ഇതു സാധ്യമായത്.

കോവിഡ് കാലത്തു ഗ്രീൻ വേംസ് സഹകരിച്ചു പ്രവർത്തിച്ച സ്വയംസഹായസംഘങ്ങളിൽ ഒന്ന് മലപ്പുറത്തെ ചുങ്കത്തറ പഞ്ചായത്തിലാണ്. സംഘത്തിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ മാസവരുമാനം അന്ന് 2000 രൂപ മാത്രമായിരുന്നു. നിരന്തരമുള്ള ലോക്ക് ഡൌൺ കാരണം മാലിന്യശേഖരണം ഇടക്കിടെ തടയപ്പെടുന്നുമുണ്ടായിരുന്നു. അതേസമയം, നേരത്തെ ശേഖരിച്ച മാലിന്യങ്ങൾ കെട്ടിക്കിടന്നുള്ള പ്രശ്നങ്ങൾ വേറെയും. ഈ സമയത്താണ് ഗ്രീൻ വേംസിന്റെ ഇടപെടൽ ഉണ്ടായത്. ശാസ്ത്രീയമായ മാലിന്യ ശേഖരണം, തരംതിരിക്കൽ എന്നിവയിൽ അവർക്കു പരിശീലനം നൽകുക മാത്രമല്ല, മാസംതോറും അവർ ശേഖരിക്കുന്ന മാലിന്യം പുനരുപയോഗ പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കാമെന്നും ഗ്രീൻ വേംസ് ഉറപ്പുനൽകി. നേരത്തെ അവരുടെ വരുമാനത്തിന്റെ 80 ശതമാനം വന്നത് വീടുകളിൽ നിന്നുള്ള പിരിവ് വഴിയായിരുന്നു. അതേസമയം അവരുടെ സമയത്തിൽ 60 ശതമാനവും ചെലവഴിച്ചത് സാധനങ്ങൾ തരംതിരിക്കുന്നതിനും. എന്നാലിപ്പോൾ ഉത്ഭവസ്ഥാനത്തെ തരംതിരിവും പുനരുപയോഗത്തിനു നൽകലും വഴി അവരുടെ വരുമാനത്തിൽ വലിയ വർധനയാണ് ഉണ്ടായത്. ഇപ്പോൾ ദിനംപ്രതി ചുരുങ്ങിയത് 350 രൂപ സംഘത്തിലെ ഓരോ അംഗത്തിനും വരുമാനമായി ലഭിക്കുന്നുണ്ട്. കോവിഡ് അടച്ചിടലിൽ പല കടുംബങ്ങളിലും പുരുഷന്മാർ തൊഴിൽ നഷ്ടപ്പെട്ടു വരുമാനമില്ലാതെ കഴിയുന്ന അവസ്ഥയിൽ അത്തരം കുടുംബങ്ങൾക്ക് തുണയായത് ഈ വരുമാനമാണ്.

സ്വയംസഹായ സംഘങ്ങളിലെ അംഗങ്ങൾക്കും ജീവനക്കാർക്കും തൊഴിൽ സുരക്ഷ സംബന്ധിച്ച കൃത്യമായ നിർദ്ദേശങ്ങൾ ലഭ്യമാക്കുകയുണ്ടായി. തൊഴിലിടങ്ങളിൽ ഉപയോഗിക്കാനുള്ള ആരോഗ്യരക്ഷാ ഉപകരണങ്ങളും വിതരണം ചെയ്തു. അതോടെ വീടുകളിൽ നിന്നുള്ള മാലിന്യശേഖരണം പുനരാരംഭിക്കാൻ സാധിച്ചു.എന്നാൽ ആശുപത്രികളിൽ നിന്നുള്ള മാലിന്യം കൈകാര്യം ചെയ്യാൻ ജീവനക്കാർ മടിച്ചു. പ്രശ്നം പരിഹരിക്കാനായി വിവിധ തരം മാലിന്യങ്ങളുടെ തരംതിരിവിനു പുതിയ സംവിധാനം ഏർപ്പെടുത്തി. ശേഖരിച്ച മാലിന്യം അണുവിമുക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചു. മാലിന്യശേഖരണം, തരംതിരിവ്, പുനരുപയോഗകേന്ദ്രങ്ങളിലേക്ക് കയറ്റി അയക്കൽ എന്നീ എല്ലാ ഘട്ടങ്ങളിലും കൃത്യമായ സുരക്ഷാ പ്രോട്ടോകോൾ നടപ്പിൽ വരുത്തി. ഇങ്ങനെയുള്ള ശാസ്ത്രീയ മാലിന്യശേഖരണ സംവിധാനം വന്നതോടെ കേരളത്തിനു പുറത്തു ഒഡിഷ, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപ് തുടങ്ങിയ പ്രദേശങ്ങളിലും ഗ്രീൻ വേംസ് പ്രവർത്തനം വ്യാപിച്ചു. അതേപോലെ തമിഴ്നാട്,ആന്ധ്രാപ്രദേശ്, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങളിലെ പ്രവർത്തനങ്ങളും വ്യാപിച്ചു. 2020 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ മൊത്തം 5000 മെട്രിക് ടൺ മാലിന്യമാണ് ഗ്രീൻ വേംസ് കൈകാര്യം ചെയ്തിട്ടുള്ളത്.

### പാഠങ്ങൾ

പ്രതിസന്ധിയുടെ കാലത്തു മുന്നോട്ടുപോകാൻ പുതിയ അവസരങ്ങൾ കണ്ടെത്തുകയെന്നത് പ്രധാനമാണ്. മാറിയ സാഹചര്യങ്ങളും പുതിയ വെല്ലുവിളികളും നേരിടുന്നതിന് ശക്തി ആർജിക്കുന്നതിലൂടെ സാമൂഹിക പരിവർത്തനത്തിനു സാധ്യതകൾ വികസിക്കുന്നു.

### ബന്ധപ്പെടുക

ജാബിർ കാരാട്ട്, jabir@greenworms.org
http://www.greenworms.co

ഗ്രീൻ വേംസ് അഞ്ചുവർഷം നടത്തിയ പ്രവർത്തനം സംബന്ധിച്ച വിഡിയോ:
https://youtu.be/u12SXD865LI

--
ചിത്രങ്ങൾ: ദിനീഷ് വെറോണ



പുൽപ്പറ്റ പഞ്ചായത്തിലെ സ്വയംസഹായസംഘം അംഗങ്ങൾ മാലിന്യം വേർതിരിക്കുന്നു

# സ്വരാജ് കണ്ടെത്തൽ

## മാറ്റത്തിനുവേണ്ടിയുള്ള ചർച്ചകൾ




അംഗങ്ങൾ സൂം ചർച്ചയിൽ

2020 മാർച്ച് 23നു ദേശവ്യാപകമായ അടച്ചിടൽ പ്രഖ്യാപനം വന്നപ്പോൾ ആഷിക് കൃഷ്ണന്റെ മനസ്സിൽ ഓടിയെത്തിയ ഒരു ചിന്ത പ്രതിസന്ധിയുടെ ഈ കാലം അത്ര പെട്ടെന്ന് നമ്മെ വിട്ടുപോവില്ല എന്നതു തന്നെയായിരുന്നു. സ്ഥിതിഗതികൾ സാധാരണ നിലയിലാകാൻ സമയമെടുക്കും. രണ്ടു വർഷമായി താൻ മനസ്സിലാക്കാൻ ശ്രമിക്കുകയും ജീവിതത്തിൽ പകർത്താൻ ശ്രമിക്കുകയും ചെയ്ത 'സ്വരാജ്' എന്ന സങ്കല്പത്തെ പൂർണാർത്ഥത്തിൽ സ്വാംശീകരിക്കാനുള്ള സന്ദർഭമായാണ് അദ്ദേഹം അതിനെ കണ്ടത്. ആധുനിക കാലത്തു സമൂഹം നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്കുള്ള പരിഹാരം സ്വരാജ് എന്ന സങ്കല്പത്തിൽ അടങ്ങിയിരിക്കുന്നതായാണ് അദ്ദേഹം മനസ്സിലാക്കിയത്. അത്തരം പ്രശ്നങ്ങളിൽ ഉൾപ്പെട്ടതാണ് സമ്പത്തിന്റെയും അധികാരത്തിന്റെയും അമിത കേന്ദ്രീകരണം, വിഭവങ്ങളുടെ വിതരണത്തിലെ അസമത്വം, പാരിസ്ഥിതികമായ തകർച്ചയും അസന്തുലിതാവസ്ഥയും, വിജ്ഞാനത്തിന്റെയും അറിവിന്റെയും സ്വകാര്യവത്കരണം, അമിതമായ നിയന്ത്രണങ്ങൾ, വർഗ്ഗസമരവും സംഘർഷങ്ങളും തുടങ്ങിയ പ്രശ്നങ്ങൾ. സ്വരാജിന്റെ വിവിധ വകഭേദങ്ങൾ ആയ സ്വയംഭരണം, സ്വാശ്രയത്വം, പരമാധികാരം, സ്വാതന്ത്ര്യം തുടങ്ങിയ ഘടകങ്ങളും കൂടുതൽ ആഴത്തിലുള്ള പരിശോധനയർഹിക്കുന്നതാണ്. കോവിഡ്-19 ഭീഷണിയെ നേരിടാൻ ഇതെല്ലാം ഒന്നിച്ചു പരിഗണിക്കേണ്ടതാണ്.

ആഷികും ചില സുഹൃത്തുക്കളും ചേർന്ന് രൂപം കൊടുത്ത 'ട്രാവല്ലേഴ്സ് യൂണിവേഴ്സിറ്റി' എന്ന വിദ്യാഭ്യാസ സ്ഥാപനത്തിലൂടെ സ്വരാജിന്റെ തത്വവും പ്രയോഗവും സംബന്ധിച്ച പുതിയൊരു ഓൺലൈൻ കോഴ്സ് അദ്ദേഹം ആവിഷ്കരിച്ചു. വിജ്ഞാനവികസനത്തിനു യാത്രയെ ഉപയോഗിക്കുന്നവരുടെ പൊതുവേദിയായി രൂപമെടുത്തതാണ് ട്രാവല്ലേഴ്സ് യൂണിവേഴ്സിറ്റി. വിജ്ഞാനവ്യാപനത്തിനു ബദൽമാർഗങ്ങൾ തേടുന്നതിലാണ് അതു കൂടുതൽ ശ്രദ്ധ നൽകുന്നത്. തങ്ങളെ മഥിക്കുന്ന ചോദ്യങ്ങൾക്കു ഉത്തരം തേടി അക്കാദമിക രംഗത്തുനിന്നും തൊഴിൽ മേഖലയിൽ നിന്നും പുറത്തേക്കു പോയി പുതിയ വഴികൾ കണ്ടെത്താനാണ് അതു പ്രോത്സാഹനം നൽകുന്നത്. അതിനുവേണ്ടിയുള്ള കൂട്ടായ പരിശ്രമങ്ങൾ നടത്താനും അതു പ്രോത്സാഹനം നൽകുന്നു. ഏഴു സെഷനുകളിലായി വിശദമായ ഒരു പഠന പദ്ധതിയാണ് സർവകലാശാല നൽകുന്നത്. മഹാത്മാഗാന്ധിയുടെ 'ഹിന്ദ് സ്വരാജ് അഥവാ ഇന്ത്യയുടെ സ്വയംഭരണം' എന്ന പുസ്തകമാണ് പഠനത്തിനു അടിസ്ഥാനമായി ഉപയോഗിക്കപ്പെടുന്ന പ്രധാന പുസ്തകങ്ങളിലൊന്ന്. പഠനപദ്ധതിയിൽ ഒമ്പതു പേരാണ് ആദ്യമായി ചേർന്നത്. സ്വന്തം ജീവിതപാതയെ സ്വതന്ത്രമായി കെട്ടിപ്പടുക്കാൻ ശ്രമിക്കുന്ന യുവജനങ്ങളായിരുന്നു അവരെല്ലാം.

## #സ്വരാജ് #പഠനകേന്ദ്രങ്ങൾ #ക്രിയാത്മകസഹയോഗം

അവരെ എല്ലാവരെയും കൂട്ടി യോജിപ്പിക്കുന്ന ഒരു ഘടകം പാരിസ്ഥിതികമായ സന്തുലിതാവസ്ഥ നിലനിർത്താനുള്ള താൽപര്യമായിരുന്നു. ബദൽ വിദ്യാഭ്യാസമാണ് തങ്ങളുടെ ചിന്തകൾക്ക് പ്രായോഗികരൂപം നൽകാനുള്ള ഒരു മാർഗമെന്ന് അവർ കരുതി. വികസനവും പുരോഗതിയും സംബന്ധിച്ച മുഖ്യധാരയുടെ സങ്കല്പങ്ങളെ അവർ തിരസ്കരിച്ചു. പഠനപദ്ധതി സ്വതന്ത്രമായ മട്ടിലാണ് പുരോഗമിച്ചത്. രണ്ടുമാസങ്ങളിലായി പത്തൊമ്പത് സെഷനുകളായാണ് പഠനപദ്ധതി പൂർത്തിയാക്കിയത്.

തങ്ങൾക്ക് ചുറ്റുമുള്ള ലോകത്തെ വിവിധങ്ങളായ പ്രതിസന്ധികളെക്കുറിച്ചുള്ള ഒരു ചർച്ചയിലൂടെയാണ് അവർ പഠനപരിപാടി ആരംഭിച്ചത്. തങ്ങൾ പരിശോധിക്കാൻ ഉദ്ദേശിക്കുന്ന വിഷയങ്ങളാണ് അവർ ആദ്യമായി തീരുമാനിച്ചത്. പിന്നീടുള്ള ദിനങ്ങളിൽ സ്വരാജ് തങ്ങൾക്കു ജീവിതത്തിൽ എന്താണ് എന്ന വ്യാഖ്യാനമാണ് അവർ നടത്തിയത്.

പഠനപദ്ധതിയിൽ അവർ താഴെ പറയുന്ന വിഷയങ്ങൾ പരിഗണിച്ചു:

- അവനവനെക്കുറിച്ചുള്ള ആത്മജ്ഞാനം
- അവനവൻറെ ആവശ്യങ്ങളും ആഗ്രഹങ്ങളും
- അവനവന്റെ പ്രവൃത്തികളുടെ ഉത്തരവാദിത്വം ഏറ്റെടുക്കൽ
- സ്വാശ്രിതവും സ്വയംഭരണം നിർവഹിക്കുന്നതുമായ സമൂഹങ്ങൾ
- സാമ്പത്തിക-വിജ്ഞാന മേഖലകളിലെ പ്രാദേശികവത്കരണം
- പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങൾ നിർവചിക്കൽ
- സമൂഹത്തിലെ വിവിധ ഘടകങ്ങളുടെ പാരസ്പര്യവും വ്യക്തിയുടെ പങ്കാളിത്തവും
- നീതിയുക്തമായ ഒരു സമൂഹനിർമിതിയുടെ മാർഗങ്ങളും രീതികളും

ഹിന്ദ് സ്വരാജിനെ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചകളാണ് പഠനത്തിൽ ഉൾപ്പെട്ടത്. യന്ത്രങ്ങളുടെ ഉപയോഗം സംബന്ധിച്ച ആലോചനയാണ് അവർ ഉന്നയിച്ച വിഷയങ്ങളിലൊന്ന്. അതേപോലെ നമ്മൾ എന്തുതരം ഭാവി സമൂഹത്തെയാണ് ആഗഹിക്കുന്നത് എന്നായിരുന്നു മറ്റൊരു ചോദ്യം. പഠിതാക്കൾക്കിടയിലെ യോജിപ്പുകളും ഭിന്നതകളും ചർച്ചാവിഷയമായി. ഒരു ഭാവിലോകത്തെ അവർ ഒന്നിച്ചു വിഭാവനം ചെയ്യാൻ ശ്രമം നടത്തി.

തങ്ങളുടെ ചുറ്റുമുള്ള സാമൂഹിക ഘടകങ്ങളുമായുള്ള ബന്ധങ്ങളെ അവർ വിശകലനം ചെയ്തു. തങ്ങളുടെ സ്വന്തം വ്യക്തിനിഷ്ഠ സ്വരാജ് ആർജിക്കാനായി ഏറ്റെടുക്കേണ്ട ചുമതലകൾ അവർ ഓരോരുത്തരും നിർവചിച്ചു. ഭക്ഷണം പാകം ചെയ്യൽ, സ്വന്തമായി പച്ചക്കറികൾ നട്ടുവളർത്തൽ, വീടും പരിസരവും വൃത്തിയാക്കൽ, ഉപഭോഗം പരിശോധിച്ചു നിയന്ത്രണം ശീലിക്കൽ, പ്രാഥമിക ചികിത്സയും നാടൻ മരുന്നുകളും സ്വായത്തമാക്കൽ തുടങ്ങിയ അടിസ്ഥാന കാര്യങ്ങളിലാണ് അവർ ഊന്നൽ നൽകിയത്. പിന്നീട് കൂടുതൽ വിപുലമായ മേഖലകളിലേക്ക് തങ്ങളുടെ അന്വേഷണം വ്യാപിപ്പിക്കാനും ബദലുകൾ നിർദ്ദേശിക്കാനും അവർ ശ്രമങ്ങൾ നടത്തി. ഈ അന്വേഷണങ്ങളിൽ സംഘത്തിലെ അംഗങ്ങൾ പരസ്പരം സഹായിച്ചു. ആദ്യമായി ഓരോ അംഗവും തങ്ങളുടെ ആശയങ്ങളും നിർദേശങ്ങളും ഗ്രൂപ്പിനു മുന്നിൽ അവതരിപ്പിച്ചു. അത് കാര്യമായ പരിശോധനകൾക്കും വിചിന്തനങ്ങൾക്കും വിധേയമാക്കി. പിന്നീട് ആശയങ്ങൾ വിപുലപ്പെടുത്താനും മെച്ചപ്പടുത്താനും വിഭവങ്ങളും വൈദഗ്ധ്യവും പങ്കുവെക്കാനും ഗ്രൂപ്പിനു സാധ്യമായി. വ്യത്യസ്തമായ ആശയങ്ങൾ ഇങ്ങനെ പൊതുവായ പരിശോധനയും നിർവഹണവും വഴി പരസ്പരം കൈമാറാനും സഹകരണത്തിന്റെ ഒരു മേഖല വികസിപ്പിക്കാനും അവർക്കു സാധിച്ചു.

ഈ ശ്രമങ്ങളുടെ ഫലമായി മൂന്നു പദ്ധതികൾ പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതിൽ അവർ വിജയിച്ചു. സംഘത്തിലെ മഹിമാ താക്കൂർ, ഐശ്വര്യാ പ്രദീപ്, ആദർശ് മോഹൻദാസ് എന്നിവർ ചേർന്ന് 'ആത്മനാ' എന്നൊരു പദ്ധതിക്കു രൂപം നൽകി. സ്വാശ്രിതവും രാസവസ്തു വിമുക്തവുമായ ദൈനംദിന ഉത്പന്നങ്ങളാണ് അവർ നിർമ്മിച്ചത്. കേശവർദ്ധിനി എണ്ണ, പല്ലുതേപ്പുപൊടി, ഷാംപൂ, കുളിക്കാനുള്ള പൊടികൾ തുടങ്ങിയ ഉത്പന്നങ്ങളാണ് അവർ നിർമ്മിച്ചത്. അതിന്റെ നിർമാണരീതികൾ ആഴ്ചതോറും വെബിനാർ വഴി നൽകിയതിൽ 16 പേർ പങ്കെടുത്തു. ആദ്യപരിപാടി വിജയിച്ചതോടെ വീണ്ടും 16 അംഗങ്ങളുമായി പരിശീലന പരിപാടി ഒരിക്കൽകൂടി നടത്തി. 'അവനവനെ കണ്ടുമുട്ടൽ' എന്നപേരിൽ മഹിമാ താക്കൂർ മറ്റൊരു പരിപാടിയും വികസിപ്പിക്കുകയുണ്ടായി. സ്വയംകണ്ടെത്തലാണ് അതിന്റെ ഉദ്ദേശ്യലക്ഷ്യം. ചോദ്യങ്ങൾ, പരിചിന്തനങ്ങൾ, കുറിപ്പുകൾ തയാറാക്കൽ എന്നതാണ് അതിന്റെ രീതി. 'ലേർണിംഗ് സിറ്റി തൃശ്ശൂർ' എന്നപേരിൽ ആഷിക് തയ്യാറാക്കിയ പദ്ധതിയിൽ ഐശ്വര്യാ പ്രദീപും ആദർശ് മോഹൻദാസും പങ്കാളികളായി. ഈ പദ്ധതികൾ പൊതുവിൽ സ്വീകാര്യത നേടിയതോടെ സ്വരാജ് ജീവിതത്തിൽ പകർത്തൽ എന്ന പഠന പരിപാടി വീണ്ടും ആവർത്തിക്കുകയുണ്ടായി. ഇത്തവണ കുട്ടികൾക്കുവേണ്ടിയുള്ള ഒരു പഠന പരിപാടി വികസിപ്പിക്കാൻ അംഗങ്ങൾ സംഘത്തിലെ അംഗമായ മിന ജലീലിനെ സഹായിച്ചു.

### പാഠങ്ങൾ

നിലവിലെ അവസ്ഥകളിൽ അസംതൃപ്തരും അസ്വസ്ഥരുമായ യുവജനങ്ങൾക്ക് തങ്ങളുടെ ആശയങ്ങളും ചിന്തകളും പങ്കുവയ്ക്കാൻ പറ്റിയ സ്വതന്ത്രമായ ഇടങ്ങൾ വികസിപ്പിക്കേണ്ടത് പ്രധാനമാണ്. പങ്കുവെക്കാനും തിരുത്താനും ശക്തി സംഭരിക്കാനും അത് വഴിയൊരുക്കും. മുൻവിധികളില്ലാതെ പരസ്പരം ബന്ധപ്പെടാനും മനസ്സിലാക്കാനും അതു സഹായിക്കുന്നു. ഒന്നിച്ചുനിന്നു പ്രവർത്തിക്കാനും സ്വതന്ത്രമായ പുത്തൻ മാതൃകകൾ സൃഷ്ടിക്കാനും അത് അവരെ പ്രാപ്തരാക്കുന്നു.


### ബന്ധപ്പെടുക

ആഷിക് കൃഷ്ണൻ, ashikkrishnank@gmail.com
https://www.travellersuniversity.org

അധികവിവരങ്ങൾക്ക്:
https://ashikk-krishnan.medium.com/exploring-swaraj-c482a6ce68a

# കമ്മ്യൂണിറ്റി കണക്ട് ചാലഞ്ച്

**യുവജനങ്ങളിൽ നേതൃഗുണവും പൗരബോധവും സൃഷ്ടിക്കൽ**




മുംബൈയിലെ 'ബ്ലൂ റിബ്ബൺ മൂവ്മെന്റ്' (ബിആർഎം) യുവജനങ്ങൾക്കിടയിൽ നേതൃഗുണവും പൗരബോധവും സൃഷ്ടിക്കാനായി പ്രവർത്തിക്കുന്ന സംഘടനയാണ്. പൂർണ ജനാധിപത്യത്തിൽ അധിഷ്ഠിതമായാണ് ബിആർഎം പ്രവർത്തിക്കുന്നത്. അതിന്റെ തീരുമാനങ്ങൾ എല്ലാവരുടെയും സമ്മതത്തോടെയാണ് എടുക്കപ്പെടുന്നത്. ബിആർഎം നടത്തുന്ന പ്രവർത്തനങ്ങളിൽ മുഖ്യമാണ് കമ്മ്യൂണിറ്റി കണക്ട് ഫെല്ലോഷിപ്പ്. യുവജനങ്ങളിൽ പൗരബോധം ഉണ്ടാക്കുകയും പൊതുസമൂഹവുമായി ആഴത്തിലുള്ള ബന്ധങ്ങൾ കെട്ടിപ്പടുത്തു പുതുസമൂഹനിർമാണത്തിന് വഴിയൊരുക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

2020ൽ മഹാമാരിയുടെ അടച്ചിടൽ കാരണം ഫെല്ലോഷിപ്പ് പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞില്ല. ആ സമയത്ത് ബിആർഎം പ്രവർത്തകർ അതിന്റെ ലക്ഷ്യവും പ്രവർത്തനങ്ങളും ആഴത്തിലുള്ള വിശകലനത്തിന് വിധേയമാക്കുകയും പുതിയ രീതിയിൽ പ്രവർത്തനങ്ങൾ കെട്ടിപ്പടുക്കാൻ ശ്രമിക്കുകയും ചെയ്തു. അതിന്റെ ഭാഗമായാണ് 'കമ്മ്യൂണിറ്റി കണക്ട് ചലഞ്ച്' എന്ന പരിപാടി അവർ ആവിഷ്കരിച്ചത്. പൗരബോധം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ യുവജനങ്ങളെ ആകർഷിക്കുന്ന വിധം രസകരമാക്കാൻ ശ്രമിക്കണം എന്നാണ് പ്രവർത്തകർ കണ്ടെത്തിയത്. മുംബൈ പ്രദേശത്തു രണ്ടാഴ്ച്ചത്തെ പരിപാടിയാണ് ആസൂത്രണം ചെയ്തത്. നഗരത്തെ പുതിയൊരു കാഴ്ചപ്പാടിൽ കണ്ടെത്താൻ അത് യുവജനങ്ങൾക്ക് പരിശീലനം നൽകി. നഗരത്തിന്റെ ചരിത്രവും സംസ്കാരവുമാണ് പരിപാടിയുടെ പ്രധാന ചിന്താവിഷയം. മുംബൈയ്ക്കർ എന്ന തങ്ങളുടെ സ്വത്വത്തെ പുതിയനിലയിൽ കണ്ടെത്താൻ പരിപാടി അവരെ സഹായിച്ചു. പൊതുസമൂഹത്തിൽ സജീവമായി ഇടപെടുന്ന പൗരന്മാരായി മാറാൻ അതവർക്ക് പ്രോത്സാഹനം നൽകി.

ഈ പരിപാടിയിൽ പങ്കെടുക്കുന്ന ഓരോരുത്തരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള മൂന്നു സെഷനുകളുണ്ടായിരുന്നു. പിന്നീട് 21 പ്രവർത്തന പരിപാടികളും. മുംബൈയെ തങ്ങളുടെ പ്രാദേശികമായ കാഴ്ചപ്പാടുകൾക്ക് അപ്പുറമുള്ള വിശാലവും ചരിത്രപരവുമായ ഒരു നഗരമെന്ന നിലയിൽ വീക്ഷിക്കാനാണ് അവരെ പരിശീലന പരിപാടിയിൽ പ്രാപ്തരാക്കിയത്. തുടർന്നുള്ള വിവിധ പ്രവർത്തനപരിപാടികളിലൂടെ അവർ നഗരത്തിന്റെ തങ്ങൾക്കു അപരിചിതമായ വിവിധ ഭാവങ്ങളുമായി പരിചയപ്പെട്ടു. വ്യത്യസ്തമായ അതിന്റെ ഭക്ഷണശീലങ്ങൾ,വൈവിധ്യമാർന്ന പൊതുഇടങ്ങൾ, അതിന്റെ ചരിത്രത്തിലെ സുപ്രധാന ഏടുകൾ എന്നിങ്ങനെ പലതും. മാത്രമല്ല, മുംബൈയിലെ നഗരഭരണ സംവിധാനം മനസ്സിലാക്കാനും പൗരന്മാരുടെ അവകാശങ്ങൾ തിരിച്ചറിയാനും മറ്റുള്ളവരുമായി ബന്ധങ്ങൾ സ്ഥാപിക്കാനും അവർക്ക് പരിശീലനം ലഭിച്ചു.

എന്നാൽ യഥാർത്ഥ “വെല്ലുവിളി” പരിശീലനഘട്ടം കഴിഞ്ഞുള്ള പ്രവർത്തനങ്ങളിലായിരുന്നു. തങ്ങൾ പഠിച്ചത് പ്രയോഗിച്ചു നോക്കാനുള്ള 21 വെല്ലുവിളികളാണ് അവർ നേരിട്ടത്. ഉദാഹരണത്തിന് വീട്ടിൽ ജോലിക്കു വരുന്നവരുമായി സംസാരിച്ചു കോവിഡ് മഹാമാരി എങ്ങനെ അവരെ ബാധിച്ചു എന്ന് രേഖപ്പെടുത്തുക, പൊതുകാര്യവുമായി ബന്ധപ്പെട്ടു ഒരു പരാതി തയ്യാറാക്കി അധികൃതർക്ക് സമർപ്പിക്കൽ, നഗരത്തിലെ ഓരോ വാർഡിലെയും പ്രശ്നങ്ങൾ മനസ്സിലാക്കൽ, വഴിയിൽ കാണുന്ന ആരെയെങ്കിലും എന്തെങ്കിലും വിഷയത്തിൽ സഹായിക്കൽ തുടങ്ങിയവയൊക്കെ 21 പ്രവർത്തന പരിപാടികളിൽ ഉൾപ്പെട്ടിരുന്നു.

പരിപാടിയിൽ പങ്കാളിയായ ഒരാൾ ചെയ്തത് വീട്ടിലെ വേലക്കാരിയെയും ഡ്രൈവറെയും നഗരസഭയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ എങ്ങനെ പരാതി തയ്യാറാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു സമർപ്പിക്കാം എന്നു പരിശീലിപ്പിക്കുകയായിരുന്നു. രണ്ടുപേരും ദീർഘകാലമായി ജലവിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമായി കഷ്ടപ്പെടുകയായിരുന്നു. അതിനു എങ്ങനെ പരിഹാരം കണ്ടെത്താം എന്ന കാര്യമാണ് പഠനവിധേയമാക്കിയത്. അവരുടെ കുട്ടികളും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി. അങ്ങനെ സാമൂഹിക പ്രയോജനമുള്ള ചില വിഷയങ്ങളിൽ അടച്ചിടൽ വേളയിൽ എല്ലാവരും ഇടപെട്ടു.

കമ്മ്യൂണിറ്റി കണക്ട് ചാലഞ്ചിന്റെ ആദ്യ ബാച്ച് ആരംഭിച്ചത് 2020 ജൂലൈ മാസത്തിലാണ്. ഡിസംബർ ആയപ്പോഴേക്കും നാലു ബാച്ചുകളിലായി 63 യുവജനങ്ങൾ പരിപാടിയിൽ പങ്കെടുത്തിരുന്നു. വളരെ വ്യത്യസ്തമായ നിരവധി സാമൂഹിക കടമകളും ഉത്തരവാദിത്വങ്ങളുമാണ് അതിനിടയിൽ അവർ പൂർത്തിയാക്കിയത്. തങ്ങൾ വിചാരിച്ചാൽ സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കും എന്ന ആത്മവിശ്വാസമാണ് ഈ അനുഭവങ്ങൾ അവർക്ക് നൽകിയത്. ചില നേരങ്ങളിൽ തങ്ങൾ ഒറ്റപ്പെട്ടുപോയെന്നു കുടുംബങ്ങളിൽ അവർക്കു തോന്നിയ സന്ദർഭങ്ങളിൽ മറ്റുള്ളവരുമായി ഇടപഴകാനും ആത്മവിശ്വാസം തിരിച്ചുപിടിക്കാനും ഈ പരിപാടി അവരെ പ്രാപ്തരാക്കി. ഈ അനുഭവങ്ങൾ തങ്ങളുടെ നഗരവുമായുള്ള യുവജനങ്ങളുടെ ബന്ധത്തെ ഊട്ടിയുറപ്പിക്കാനും ഭാവിയിൽ സമൂഹത്തിൽ കൂടുതൽ പ്രധാനമായ ചുമതലകൾ ഏറ്റെടുക്കാനും അവരെ പ്രാപ്തരാക്കും എന്നാണ് പ്രതീക്ഷ.

### പാഠങ്ങൾ

മുംബൈ പോലുള്ള മഹാനഗരങ്ങളിലും ചെറുനഗരങ്ങളിലും അതിലെ യുവജനങ്ങളെ നഗരത്തിന്റെ വിവിധ മുഖങ്ങളുമായി പരിചയപ്പെടാൻ പ്രേരിപ്പിക്കുന്നത് പ്രധാനമാണ്. കാര്യങ്ങൾ മനസ്സിലാക്കാനും വിഷയങ്ങളിൽ ഇടപെടാനും ഉത്തരവാദിത്വബോധം വർധിപ്പിക്കാനും അത് സഹായകമാകും.

പൊതുകാര്യങ്ങളിൽ പ്രായോഗികജ്ഞാനം ഉണ്ടാകുന്നത് ഉയർന്ന പൗരബോധത്തിന്റെ ലക്ഷണമാണ്. പൗരജീവിതവുമായി ബന്ധപ്പെട്ട നാനാ വിഷയങ്ങളിൽ യുവജനങ്ങൾ ഇടപെടണം. സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ അത് അനിവാര്യമാണ്.

### ബന്ധപ്പെടുക

പങ്കുരി ജെയിൻ, pankhuri@brmworld.org
www.brmworld.org



# ബീജോത്സവ്

## കർഷകരും ഉപഭോക്താക്കളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കൽ



കോവിഡ് കാലത്തു തെരുവിൽ സംഘടിപ്പിച്ച പച്ചക്കറി ചന്ത

നാഗ്പുരിലെ 'ബീജോത്സവ്' പരിപാടി സാധാരണ കർഷകരെയും ജൈവ കർഷകരെയും അവരുടെ ഉത്പന്നങ്ങളുടെ ഉപഭോക്താക്കളുമായി നേരിട്ടു ബന്ധിപ്പിക്കാനുള്ള ഒരു സുപ്രധാന കാൽവെയ്പാണ്. ഭക്ഷ്യവിഭവങ്ങളിൽ മായം ചേർക്കൽ അവസാനിപ്പിക്കാനും ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാനുമാണ് അതിലൂടെ ശ്രമിക്കുന്നത്. 2013ൽ വിദർഭയിലാണ് ഈ പരിപാടി ആദ്യമായി ആരംഭിച്ചത്. കഴിഞ്ഞ എട്ടു വർഷങ്ങളിൽ മെച്ചപ്പെട്ട ഭക്ഷ്യവിഭവങ്ങൾ ഉറപ്പാക്കുന്നതിൽ അതു വലിയ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഗ്രാമീണ കർഷകർ, വിത്തു സംരക്ഷകർ, നഗരങ്ങളിലെ കർഷകർ, ഉപഭോക്താക്കൾ എന്നീ വിവിധ വിഭാഗങ്ങളെ ഒന്നിച്ചു കൊണ്ടുവരുന്ന ഒരു സന്നദ്ധപ്രവർത്തനമാണ് ബീജോത്സവ് പരിപാടിയിൽ നടക്കുന്നത്. സുരക്ഷിതവും രാസവസ്തുവിമുക്തവും ജൈവവൈവിധ്യപൂർണവും പോഷകവുമായ ഭക്ഷണം ഓരോ വ്യക്തിയുടെയും അവകാശമാണെന്നു പ്രസ്ഥാനം അഭിപ്രായപ്പെടുന്നു. അതു നടപ്പിലാക്കാനുള്ള പ്രായോഗിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

ആകാശ് നൗഖാരെ തന്റെ ഇരുപത്തൊന്നാം വയസ്സിൽ ബീജോത്സവ് പ്രസ്ഥാനത്തിന്റെ ഭാഗമായി മാറിയതാണ്. 2013ലെ ആദ്യപരിപാടി മുതൽ അതിന്റെ ഭാഗമായ അദ്ദേഹം പിറ്റേവർഷം മുതൽ അതിന്റെ പ്രധാന സംഘാടകരിൽ ഒരാളായി. വിത്തുകളുടെ വൈവിധ്യവും ജൈവകൃഷിയും പ്രകൃതിസൗഹൃദ ജീവിതശൈലിയും പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും നാഗ്പൂരിൽ ഈ പരിപാടി സംഘടിപ്പിച്ചു വരുന്നു. 2019ൽ നടന്ന ഉത്സവത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 20,000ൽ അധികം ആളുകൾ പങ്കെടുക്കുകയുണ്ടായി. പ്രാദേശിക വിത്തിനങ്ങൾ പരസ്പരം കൈമാറാനും കൃഷിരീതികൾ സംബന്ധിച്ച പരമ്പരാഗത വിജ്ഞാനം പങ്കുവെക്കാനും പുത്തൻ ജൈവവിഭവങ്ങൾ പരിചയപ്പെടുത്താനും ഉത്സവത്തിൽ സൗകര്യമുണ്ട്. അതേപോലെ ഉത്പാദകരും അതിന്റെ ഉപഭോക്താക്കളും തമ്മിൽ അടുത്ത ബന്ധങ്ങളും ഉരുത്തിരിയുന്നു. ഇതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. അതിനുപുറമെ വിജ്ഞാനവികസനം, അടുക്കളത്തോട്ട നിർമാണം, വിത്തുവിതരണം, രുചിപരിശോധന, മൽസ്യ വിപണന ശൃംഖല, വിദ്യാർത്ഥികളെ കൃഷിയുമായി പരിചയപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളും നടക്കുന്നു. ജൈവകൃഷി, വിത്തുവിതരണം തുടങ്ങിയ രംഗങ്ങളിൽ ജനസൗഹൃദപരമായ നയങ്ങൾ വികസിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും പരിപാടി സഹായകമാകുന്നു.

2020 മാർച്ചിൽ നടക്കേണ്ടിയിരുന്ന പരിപാടി കോവിഡ് നിയന്ത്രണങ്ങൾ കാരണം നടക്കുകയുണ്ടായില്ല. എന്നാൽ വിജ്ഞാനവ്യാപന പരിപാടികളും ശില്പശാലകളും മറ്റും ഓൺലൈൻ സൗകര്യം ഉപയോഗിച്ച് പരമാവധി ആളുകളെ സംഘടിപ്പിച്ചു നടപ്പാക്കുകയുണ്ടായി. നാഗ്പൂരിൽ കൃഷിക്കാരും അവരുടെ ഉപഭോക്താക്കളും തമ്മിൽ വർഷങ്ങളായി നിലനിൽക്കുന്ന അടുത്ത ബന്ധം കാരണം നേരിട്ടുള്ള പങ്കാളിത്തത്തോടെ ചില പരിപാടികളും നിയന്ത്രണങ്ങൾക്കു വിധേയമായി നടക്കുകയുണ്ടായി. ആകാശും സുഹൃത്തുക്കളായ ദേവേന്ദ്ര താക്കറെ, വിക്രം പടോലെ, അശ്വിനി ഔരംഗബാദ്കർ തായ് (ബീജോത്സവ് പരിപാടിയിൽ സ്ഥിരമായി വരുന്ന കർഷകയാണിവർ) തുടങ്ങിയവരും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. പതിനഞ്ചോളം കർഷകരുടെ പച്ചക്കറി ഉത്പന്നങ്ങൾ ശേഖരിച്ചു ദിനംപ്രതി 30-35 ആവശ്യക്കാർക്കു എത്തിച്ച പരിപാടി ജൂലൈ മുതൽ ഡിസംബർ വരെ ഫലപ്രദമായി നടന്നുവന്നു. തങ്ങളുടെ ഉല്പന്നങ്ങൾ കമ്പോളത്തിലെത്തിക്കാൻ കഴിയാതെ നശിക്കുകയാണെന്നു ചില കർഷകർ പരാതിപ്പെട്ടപ്പോഴാണ് ഈ ആശയം ഉദിച്ചുവന്നത്. അതേസമയം മെച്ചപ്പെട്ട പച്ചക്കറികൾ കിട്ടാനില്ലാതെ തങ്ങൾ വിഷമിക്കുകയാണെന്നു പല ഉപഭോക്താക്കളും പരാതിപ്പെടുന്നുണ്ടായിരുന്നു. അങ്ങനെയാണ് പച്ചക്കറികളും മറ്റു വിഭവങ്ങളും കർഷകരിൽ നിന്നും നേരിട്ടു സംഭരിച്ചു ആവശ്യക്കാർക്ക് എത്തിക്കുന്ന പരിപാടിക്കു രൂപം കൊടുത്തത്. തെരുവിൽ ഒരു ഷെഡ് കെട്ടിയാണ് വിഭവങ്ങൾ വിതരണം ചെയ്തത്.

പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത് ആദ്യം കർഷകരെ ഫോണിൽ വിളിച്ചു എന്തെല്ലാം ഉത്പന്നങ്ങൾ വിപണനത്തിന് ലഭ്യമാണെന്നും അവ എപ്പോൾ ലഭിക്കും എന്നും ഉറപ്പുവരുത്തിയാണ്. എല്ലാ ശനിയാഴ്ചകളിലുമാണ് വിളവെടുപ്പു നടന്നത്. നഗരത്തിൽ നിന്നു 60-70 കിലോമീറ്റർ അകലെയുള്ള ഗ്രാമങ്ങളിലേക്ക് ആകാശും സുഹൃത്തുക്കളും ഇരുചക്ര വാഹനങ്ങളിൽ എത്തിയാണ് വിഭവങ്ങൾ ശേഖരിച്ചത്. അവ കർഷകരുടെ സഹായത്തോടെ നഗരത്തിലെത്തിക്കും. ചില കർഷകർ നേരിട്ടും ഉത്പന്നങ്ങൾ എത്തിക്കും. അവ അശ്വിനി തായിയുടെ വീട്ടിലാണ് സംഭരിച്ചത്. കൃഷിക്കാർക്ക് അവരുടെ എല്ലാ ഇനങ്ങൾക്കും കിലോയ്ക്ക് 35 രൂപ നൽകിയാണ് സംഘം ഉത്പന്നങ്ങൾ വാങ്ങിയത്. അവരുമായി ചർച്ചകൾ നടത്തിയ ശേഷമാണ് ഈ വില നിശ്ചയിച്ചത്. മറ്റു മൊത്തവ്യാപാരികൾ കർഷകർക്ക് നല്കിയതിനേക്കാൾ മെച്ചപ്പെട്ട വില സംഘം ഉറപ്പുവരുത്തി. അതേസമയം ഉത്പന്നങ്ങൾ സാധാരണക്കാർക്ക് കൂടി പ്രാപ്യമാകുന്ന വിലയിൽ വിൽക്കാൻ സാധിക്കണമെന്നും അവർ നിശ്ചയിച്ചു.

എല്ലാ ഞായറാഴ്ചയും വൈകിട്ട് മൂന്നര മുതൽ ഏഴര വരെയാണ് ഉപഭോക്താക്കൾക്ക് ഉത്പന്നങ്ങൾ വിതരണം ചെയ്തത്. നേരത്തെ തന്നെ എല്ലാവരെയും വിവരം അറിയിക്കുന്നതിനാൽ സാധനങ്ങൾ പൂർണമായും ചുരുങ്ങിയ സമയം കൊണ്ടുതന്നെ വില്പനയാകും. വിവിധ സാമൂഹികമാധ്യമ പ്ലാറ്റുഫോമുകൾ വഴിയാണ് കമ്പോളം സംബന്ധിച്ച വിവരങ്ങൾ ആളുകളെ അറിയിച്ചത്. നാഗ്പുരിലെ ജനങ്ങൾക്കിടയിൽ ബീജോത്സവ് പ്രവർത്തനത്തിലൂടെ വർഷങ്ങൾകൊണ്ട് നേടിയ വിശ്വാസ്യത ഈ കമ്പോളം വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ പ്രവർത്തകരെ സഹായിച്ചു. ധാരാളം ഉപഭോക്താക്കൾ ഓരോ ആഴ്ചയും കമ്പോളത്തിലെത്തി. മിക്ക ആഴ്ചകളിലും 15,000 രൂപയിൽ അധികമുള്ള വിലയ്ക്ക് സാധനങ്ങൾ വിറ്റുപോയി. ചില സമയങ്ങളിൽ കർഷകരും കമ്പോളത്തിലെത്തി തങ്ങളുടെ ഉത്പന്നങ്ങളുടെ ഉപഭോക്താക്കളുമായി നേരിട്ട് സംവദിക്കുകയും അഭിപ്രായങ്ങൾ കൈമാറുകയും ചെയ്തു. 2020 ഡിസംബറിൽ കോവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ചതോടെ ഈ വിപണനസമ്പ്രദായം അവസാനിപ്പിച്ചു. അതിനുശേഷവും തേൻ, ശർക്കര തുടങ്ങിയ വിഭവങ്ങൾ ശേഖരിച്ചു ചില ഉപഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കുന്ന സംവിധാനം തുടരുകയുണ്ടായി.

# #കൃഷി #ഭക്ഷ്യം #ബന്ധങ്ങൾ

കോവിഡ് കാലത്തെ ആഴ്ചചന്തയുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നാഗ്പൂരിൽ കാർഷിക വിഭവങ്ങളുടെ ഒരു ന്യായവില വില്പനകേന്ദ്രം സ്ഥാപിക്കാനുള്ള തയ്യാറെടുപ്പിലാണ് ആകാശും സുഹൃത്തുക്കളും. ജൈവഉത്പന്നങ്ങൾ ജനങ്ങൾക്ക് എത്തിക്കലാണ് പ്രധാനലക്ഷ്യം. കർഷകരിൽ നിന്ന് നിശ്ചിതമായ മിനിമംവിലയ്ക്ക് സാധനങ്ങൾ വാങ്ങി നഗരത്തിൽ എത്തിച്ചു വിപണനം ചെയ്യും. അത് വിലയിലെ ഏറ്റക്കുറച്ചിൽ പ്രശ്നങ്ങളിൽ നിന്ന് കർഷകർക്ക് രക്ഷ നൽകും. സുരക്ഷിതമായ ഭക്ഷ്യവിഭവങ്ങളുടെ പ്രാധാന്യം സംബന്ധിച്ചു ബീജോത്സവ് പ്രചാരണം ചില വ്യാജന്മാർക്കു ലാഭമടിക്കാൻ വഴിയൊരുക്കിയതായും ആകാശും സുഹൃത്തുക്കളും മനസ്സിലാക്കിയിട്ടുണ്ട് . ജൈവഉത്പന്നങ്ങൾ എന്നപേരിൽ വ്യാജന്മാർ കമ്പോളത്തിൽ ഇറങ്ങാൻ തുടങ്ങിയിട്ടുണ്ട്. അതിനാൽ വിശ്വാസ്യതയുള്ള ഭക്ഷ്യവിഭവങ്ങൾ ഉപഭോക്താക്കൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ എത്തിക്കുകയാണ് പുതിയ സംരംഭത്തിന്റെ ലക്ഷ്യം.

### പാഠങ്ങൾ

ഇടത്തട്ടുകാരെയും മൊത്തക്കച്ചവടക്കാരെയും ഒഴിവാക്കി കർഷകരെ ഉപഭോക്താക്കളുമായി നേരിട്ടു ബന്ധിപ്പിക്കുകയെന്നത് പ്രായോഗികമായി സാധ്യമാണ്. മെച്ചപ്പെട്ട വിഭവങ്ങൾ ഉപഭോക്താക്കൾക്ക് ഉറപ്പാക്കാനും ഉല്പാദകർക്കു ന്യായവില ലഭ്യമാക്കാനും അതുവഴി സാധിക്കും. അതിനു പ്രധാനമായി വേണ്ടത് കർഷകരും അവരുടെ ഉപഭോക്താക്കളും തമ്മിൽ പരസ്പര വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള ബന്ധം കെട്ടിപ്പടുക്കുകയാണ്. ദുരന്തകാലത്തു മാത്രമല്ല, സാധാരണ സമയങ്ങളിലും ഇത്തരം ബന്ധങ്ങൾ എല്ലാവർക്കും ഗുണം ചെയ്യുന്നതാണ്.

### ബന്ധപ്പെടുക

ആകാശ് നൗഖാരെ, anaoghare@gmail.com
ngpbeejotsav@gmail.com

അധികവിവരങ്ങൾക്ക്:
https://www.facebook.com/nagpurbeejotsav/

--
ചിത്രങ്ങൾ: ബീജോത്സവ്

# ഫാം2ഫുഡ് ഫൗണ്ടേഷൻ

## കൃഷി, ഭാവിക്കുവേണ്ടി



അലങ്മോറ ഹൈസ്കൂളിൽ പഠനവും പ്രവൃത്തിയും



അടുക്കളത്തോട്ടം

### യുവവിദ്യാർത്ഥികൾക്കായി നവീന പദ്ധതികൾ

'ഫാം2ഫുഡ് ഫൗണ്ടേഷൻ' 2011ൽ പ്രവർത്തനം ആരംഭിച്ചതിനു ശേഷം ആസാം സംസ്ഥാനത്തെ 446 സർക്കാർ വിദ്യാലയങ്ങളിൽ ഭക്ഷ്യവിഭവങ്ങൾ ഉല്പാദിപ്പിക്കുന്ന കൃഷിതോട്ടങ്ങൾ നിർമിക്കാൻ സഹായം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ജീവിതത്തിൽ അടിസ്ഥാനപരമായ കഴിവുകൾ പകർന്നുനല്കുകയാണ് ഈ സന്നദ്ധസംഘടനയുടെ ഉദ്ദേശ്യം. ശാസ്ത്ര-ഗണിതശാസ്ത്ര വിഷയങ്ങളിലെ പ്രായോഗിക ലബോറട്ടറികൾ കൂടിയായി ഈ കൃഷിത്തോട്ടങ്ങൾ കുട്ടികൾക്ക് പ്രയോജനം ചെയ്യുന്നു. ക്ളാസ് മുറികളിൽ പഠിക്കുന്ന പലതും അവർ ഇവിടെയാണ് പ്രായോഗികമായി പരീക്ഷണ വിധേയമാക്കുന്നത്. പ്രധാനമായി, ജൈവികരീതിയിൽ എങ്ങനെ കൃഷി നടത്താം എന്ന കാര്യത്തിൽ ഈ തോട്ടങ്ങൾ അവർക്കു പാഠങ്ങൾ നൽകുന്നു. മണ്ണു കിളക്കാനും വളമിടാനും ജൈവവൈവിധ്യം നിലനിർത്താനും വിത്തുകൾ സംരക്ഷിക്കാനും അവർ പഠിക്കുന്നു. ഭാവിജീവിതത്തിൽ അവർക്കു അനിവാര്യമായ പാഠങ്ങളാണിത്. വിത്തുകളുടെ സംഭരണത്തിനും പഠനത്തിനുമായുള്ള യാത്രകളിൽ മുതിർന്ന ഗ്രാമീണകർഷകർ കുട്ടികൾക്കു തങ്ങളുടെ പരമ്പരാഗത അറിവുകൾ പകർന്നു നൽകുന്നു. പലപ്പോഴും രക്ഷിതാക്കൾ അവരുടെ കൃഷിത്തോട്ടങ്ങളിൽ ശ്രമദാനം നടത്തുന്ന പതിവും ഗ്രാമീണ വിദ്യാലയങ്ങളിലുണ്ട്. തോട്ടങ്ങളിൽ നിന്ന് വിളവെടുത്താൽ അത് വിദ്യാലയത്തിലെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉപയോഗപ്പെടുത്തുന്നു.

'സോൾവ് നിൻജാസ്' എന്ന മറ്റൊരു പദ്ധതിയും ഇതിന്റെ അനുബന്ധമായി വിദ്യാലയങ്ങളിൽ നടപ്പാക്കുന്നുണ്ട്. കുട്ടികളെ പാരിസ്ഥിതികമായി അവബോധമുള്ളവരാക്കുക, അവരിൽ നേതൃഗുണങ്ങൾ വികസിപ്പിക്കുക, സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ അവരെ പ്രാപ്തരാക്കുക തുടങ്ങിയവയാണ് അതിന്റെ ലക്ഷ്യങ്ങൾ. ഭരണഘടനപരമായ ഉത്തരവാദിത്വങ്ങളും കടമകളും സംബന്ധിച്ച് അവരെ പ്രബുദ്ധരാക്കാനുമായി ഒരു ജാഗരിക് ആകുക എന്നൊരു പരിപാടിയും സംഘടന നടത്തുന്നുണ്ട്. പൗരന്റെ അവകാശങ്ങളും കടമകളും സംബന്ധിച്ച പ്രായോഗിക പാഠങ്ങൾ അതിൽ ലഭിക്കുന്നു. സമൂഹത്തിലെ വിവേചനങ്ങൾക്ക് എതിരെ കുട്ടികളെ ബോധവാന്മാരാക്കാനും അതിനെതിരെ പ്രതികരിക്കാൻ അവരെ സജ്ജരാക്കാനും പരിപാടിയിൽ ശ്രമം നടത്തുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്ന സമൂഹസൃഷ്ടിയാണ് അതിന്റെ ലക്ഷ്യം.

ഫാം2ഫുഡ് പ്രവർത്തനങ്ങൾക്ക് പുറമെ കൂടുതൽ മെച്ചപ്പെട്ട സാമൂഹിക ബന്ധങ്ങൾ കുട്ടികളിൽ വികസിപ്പിക്കാനായി 'കമ്മ്യൂട്ടിനി' യുവജന സംഘത്തിലും 'വാർത്താലീപ്' സഖ്യത്തിലും 'അശോകാ ഫെല്ലോസ്' സമൂഹത്തിലും സംഘടനാ പ്രവർത്തകർ അംഗങ്ങളാണ്.

## കോവിഡ്-19 കാലത്തെ സാമൂഹിക പ്രവർത്തനങ്ങൾ

ആസ്സാമിലെ ചായത്തോട്ടങ്ങളിൽ കഴിയുന്ന കുട്ടികളുടെ ജീവിതത്തിൽ വലിയ ദുരിതങ്ങളാണ് കോവിഡ് അടച്ചിടൽ കാലം കൊണ്ടുവന്നത്. ജോർഹട്, ഗോലാഘട് ജില്ലകളിലായി ഏതാണ്ട് 200ൽ അധികം ചായത്തോട്ടങ്ങളുണ്ട്. വളരെ വിഷമത്തിൽ കഴിഞ്ഞ 3000ൽ അധികം കുടുംബങ്ങളിലേക്ക് ഇക്കാലത്തു ഫൗണ്ടേഷന്റെ പ്രവർത്തകർ എത്തിച്ചേരുകയുണ്ടായി. വിദ്യാലയങ്ങളിൽ ക്ളാസുകൾ നടക്കാത്ത അവസ്ഥയിൽ പെൺകുട്ടികളെ വിവാഹം ചെയ്തു അയക്കാനുള്ള പുറപ്പാടിലായിരുന്നു പല രക്ഷിതാക്കളും. പല വിവാഹങ്ങളും അതിനകം നടക്കുകയും ചെയ്തിരുന്നു. പലരും വലിയ ദാരിദ്ര്യത്തിലാണ് കഴിഞ്ഞത്. അതിനാൽ പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയി അനാശാസ്യ പ്രവർത്തനങ്ങളിലേക്കു നയിക്കാനുള്ള പ്രവണതകളും പ്രത്യക്ഷമായിരുന്നു.

ഈ സാഹചര്യത്തിൽ സന്നദ്ധ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് അധികാരികളുമായും ആശാ പ്രവർത്തകരുമായും അധ്യാപകരുമായും മറ്റു സാമൂഹിക പ്രവർത്തകരുമായും യോജിച്ചു നിൽക്കാൻ ഫാം2ഫുഡ് പ്രവർത്തകർക്ക് സാധ്യമായി. ഗ്രാമങ്ങളിലെ സാധാരണക്കാരുമായി ഇടപഴകി വൈറസ് വ്യാപനത്തെക്കുറിച്ചു കൃത്യമായ വസ്തുതകൾ അവർക്കു ലഭ്യമാക്കി. സ്ത്രീകൾക്കും കുട്ടികൾക്കുമിടയിൽ അടച്ചിടൽ കാലത്തെ മാനസികപ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കാനും അതു സഹായകമായി.

ഗ്രാമങ്ങളിൽ പോയി 600 ക്വിന്റലിൽ അധികം ധാന്യങ്ങളും പച്ചക്കറികളും നേരിട്ടുവാങ്ങി ഫാം2ഫുഡ് പ്രവർത്തകർ ചായത്തോട്ടങ്ങളിലെ ദരിദ്ര തൊഴിലാളി കുടുംബങ്ങളിൽ നേരിട്ട് എത്തിച്ചുകൊടുത്തു. ഗ്രാമീണർക്കു തങ്ങളുടെ ഉത്പന്നങ്ങൾ വിൽക്കാനും തൊഴിലാളികൾക്ക് പട്ടിണിയകറ്റാൻ ഭക്ഷണം കണ്ടെത്താനും അത് സഹായകമായി. അതിനുപുറമെ 3000ൽ അധികം കുട്ടികൾക്ക് കൈവേലക്കുള്ള ഉപകരണങ്ങളും ചായപ്പെൻസിൽ അടക്കമുള്ള മറ്റു സാമഗ്രികളും സംഘടന വിതരണം ചെയ്യുകയുണ്ടായി.

അഞ്ഞൂറോളം യുവസന്നദ്ധ പ്രവർത്തകരെയാണ് ഫാം2ഫുഡ് പ്രവർത്തന രംഗത്തിറക്കിയത്. കാർഷികരംഗത്തെ ജാഗരിക് പ്രവർത്തകർ തങ്ങളുടെ മണ്ഡലങ്ങളിൽ തങ്ങളുടേതായ പ്രവർത്തന പദ്ധതികളാണ് ആവിഷ്കരിച്ചത്. ചിലർ തങ്ങളുടെ അയൽപ്രദേശങ്ങളിൽ കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള സഹായങ്ങളാണ് ഗ്രാമീണ കുടുംബങ്ങൾക്ക് നൽകിയത്. അതുകാരണം അടച്ചിടൽ കാലത്തു പച്ചക്കറികൾ അടക്കമുള്ള വിഭവങ്ങൾ അവർക്കു പ്രയാസമില്ലാതെ ലഭ്യമായി. വിതക്കാൻ പറ്റിയ വിത്തുകൾ കണ്ടെത്തിയതും മണ്ണു തയ്യാറാക്കിയതും ജൈവികരീതിയിൽ വിളകൾ പരിപാലിച്ചതും എല്ലാം ഈ യുവസന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിലായിരുന്നു. പോഷകമൂല്യമുള്ള ഭക്ഷ്യവിഭവങ്ങൾ തെരഞ്ഞെടുക്കാനും അവർ ഗ്രാമീണർക്ക് സഹായം നൽകി.

സന്നദ്ധപ്രവർത്തകരിൽ പലരും തങ്ങളുടെ ചുറ്റുവട്ടത്തിലുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പഠനം മുന്നോട്ടുകൊണ്ടുപോകാൻ പ്രോത്സാഹനം നൽകി. ജൈവകൃഷി, യോഗ പരിശീലനം, പോഷകഭക്ഷണം, കോവിഡ് പ്രതിരോധം തുടങ്ങിയ വിഷയങ്ങളിൽ പോസ്റ്ററുകളും വീഡിയോ പരിപാടികളും തയ്യാറാക്കി. ഗ്രാമത്തിലെ എല്ലാവർക്കും വിവിധ സാമൂഹിക മാധ്യമങ്ങളിലൂടെ അവയെല്ലാം എത്തിച്ചുകൊടുത്തു.

# #കൃഷിവിദ്യാലയം #അടുക്കളത്തോട്ടങ്ങൾ #ജീവനശേഷി

### പാഠങ്ങൾ

കൃഷി, ഭക്ഷണം, പോഷണം തുടങ്ങിയ കാര്യങ്ങളിൽ നേരിട്ടുള്ള ബോധനരീതികൾ പുസ്തക പഠനത്തേക്കാൾ പ്രയോജനകരമാണെന്നു വ്യക്തം. അത് കുട്ടികളെ സ്വയംപര്യാപ്തരാകാൻ സഹായിക്കുന്നു. മാത്രമല്ല, ശാസ്ത്ര-സാങ്കേതിക വിഷയങ്ങളിൽ കുട്ടികൾക്ക് സഹായകമായ പരീക്ഷണശാലയായും കൃഷിക്കളങ്ങൾ കേന്ദ്രീകരിച്ച പഠനം പ്രയോജനപ്പെടുന്നു.

ലോകം ഇന്ന് നേരിടുന്ന വെല്ലിവിളികളും ഭാവിയിൽ വരാനിരിക്കുന്ന വെല്ലിവിളികളും നേരിടാൻ പ്രായോഗിക പഠനങ്ങൾ കുട്ടികളെ പ്രാപ്തരാക്കുന്നു. പ്രയോഗികപരിശീലനവും പുതിയ വെല്ലിവിളികൾ ഏറ്റെടുക്കാനുള്ള തയ്യാറെടുപ്പും അവരെ ഭാവിയിലെ നേതാക്കളായി വികസിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.

### ബന്ധപ്പെടുക

ദീപജ്യോതിസോനു ബ്രഹ്മ, deepjyotisonu@gmail.com
https://farm2food.org

അധികവിവരങ്ങൾക്ക്:
https://vikalpsangam.org/article/farm-and-food-entrepreneurship-rebuilding-assams-fragile-economy-and-ecology/

--
ചിത്രങ്ങൾ: ഫാം2ഫുഡ് ഫൗണ്ടേഷൻ



മോഹനത്തിങ് ഹൈസ്ക്കൂൾ വിദ്യാർഥികൾ തോട്ടം പരിചരണത്തിൽ

# ആലോചനക്കായി ചില വിഷയങ്ങൾ

നിങ്ങളുടെ ജീവിതത്തെ പുതിയ മട്ടിൽ പരുവപ്പെടുത്താൻ ഈ കഥകൾ പ്രേരകമാണോ?

നിങ്ങളുടെ വീക്ഷണത്തിൽ സമൂഹത്തിൽ പരിവർത്തനം വരുത്താൻ അനിവാര്യമായ മൂല്യങ്ങൾ എന്തൊക്കെ?


നിങ്ങൾക്കും സമൂഹത്തിനും വേണ്ടി എന്തുതരം ബദലുകളാണ് വിഭാവനം ചെയ്യുന്നത്?

നിങ്ങൾ ചുറ്റും കാണാൻ ആഗ്രഹിക്കുന്ന മാറ്റങ്ങൾ എന്തൊക്കെ?

അതിനുവേണ്ടി എന്തൊക്കെ കർമങ്ങളും ചുമതലകളും ഏറ്റെടുക്കാൻ നിങ്ങൾ തയ്യാറാവും?

ക്രിയാത്മക സഹയോഗവും പരസ്പരസഹകരണവും വഴി അത് എത്രമാത്രം നേടിയെടുക്കാനാവും?

നിങ്ങളുടെ ചിന്തകൾ എഴുതി അറിയിക്കുക. നിങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കാൻ ഞങ്ങൾക്ക് ജിജ്ഞാസയുണ്ട്. മാറ്റങ്ങളുടെ കഥകൾ നിങ്ങൾക്കും പറയാനുണ്ടെങ്കിൽ ഞങ്ങളുമായി പങ്കുവെക്കുക. അതിന് ആഷിക് കൃഷ്ണനുമായി ബന്ധപ്പെടുക: ashikkrishnank@gmail.com




ബദൽസമൂഹത്തിന്റെ വിവിധ ഘടകങ്ങൾ | ക്രെഡിറ്റ്: വികൽപ് സംഗം
കൂടുതൽ വിവരങ്ങൾക്ക് : https://vikalpsangam.org/about/the-search-for-alternatives-key-aspects-and-principles/

വികൽപ്
സംഗം

കഥകളുടെ വിവരശേഖരണം, വിവരണം, എഴുത്ത്
ബപ്പാദിത്യ മുഖർജി, പ്രതിഭാ പഥക് – ആദോർ
സ്വർണിമ കൃതി, ജൂഹി പാണ്ഡെ – ചിന്നരി
ആസനാ ഷാ, കേജൽ സാവ്ല, അരവിന്ദ് നടരാജൻ – ചാനൽ 5
ബിലാൽ ഖാൻ, ആഷിക് കൃഷ്ണൻ – ശ്രമിക് സമ്മാൻ
അനീറ്റ ജോൺ, ജാബിർ കാരാട്ട്, ആഷിക് കൃഷ്ണൻ – ഗ്രീൻ വേംസ്
ആഷിക് കൃഷ്ണൻ – സ്വരാജ് കണ്ടെത്തൽ
പങ്കുരി ജെയിൻ, കേജൽ സാവ്ല, അരവിന്ദ് നടരാജൻ – കമ്മ്യൂണിറ്റി കണക്ട് ചലഞ്ച്
ആകാശ് നൗഖരെ, അശ്വിനി ഷാ – ബീജോത്സവ്
ദീപജ്യോതി സോനു, സ്നേഹ ഗുട്ഗുടിയ, പരാഗ് മഹാന്ത, പ്രതിഭാ പഥക് – ഫാം 2ഫുഡ് ഫൗണ്ടേഷൻ

മേൽനോട്ടനിർവഹണം
സുജാത പദ്മനാഭൻ

എഡിറ്റിങ്, പ്രൂഫ് വായന
രാംഗോപാൽ കൊനേരിപള്ളി, സുജാത പദ്മനാഭൻ

മലയാള പരിഭാഷ
എൻ പി ചെക്കുട്ടി

ഡിസൈൻ, ലേഔട്ട്
ആഷിക് കൃഷ്ണൻ

വിവരങ്ങൾക്ക് ബന്ധപ്പെടുക
സുജാത പദ്മനാഭൻ – sujikahalwa@gmail.com

സൈറ്റേഷൻ: വികൽപ് സംഗം, യുവജനകഥകൾ: പ്രതീക്ഷ, ജീവനശേഷി, ഒന്നിച്ചുള്ള സ്വപ്നങ്ങൾ – ''സാധാരണ' മനുഷ്യരുടെ അസാധാരണ പ്രവൃത്തികൾ: മഹാമാരിക്കും അടച്ചിടലിനും അപ്പുറം' പരമ്പരയിലെ അഞ്ചാമത് പുസ്തകം, വികൽപ് സംഗം കോർ ഗ്രൂപ്, പൂന, ഏപ്രിൽ 2021

ഇത് കോപ്പിലെഫ്റ്റ് അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച കൃതിയാണ്. വാണിജ്യേതര ആവശ്യങ്ങൾക്ക് സ്വതന്ത്രമായി ഇത് വിനിയോഗിക്കാം. അതിൽ ക്രഡിറ്റും സൈറ്റേഷനും നൽകിയാൽ നല്ലത്. പുനരുപയോഗം ഇതേ നിബന്ധനകളുടെ അടിസ്ഥാനത്തിലും പകർപ്പവകാശം ഇല്ലാതെയും ആയിരിക്കണം.

ഈ പ്രസിദ്ധീകരണത്തിന് 'ദുലീപ് മത്തായി നേച്ചർ കൺസർവേഷൻ ട്രസ്റ്റ്', 'മിസ്രിയോർ' എന്നീ സംഘടനകളുടെ സഹായം ലഭിച്ചിട്ടുണ്ട്.

DULEEP MATTHAI NATURE CONSERVATION TRUST

## 'സാധാരണ' മനുഷ്യരുടെ അസാധാരണ പ്രവൃത്തികൾ: മഹാമാരിക്കും അടച്ചിടലിനും അപ്പുറം

കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി സർക്കാർ കൊണ്ടുവന്ന അടച്ചിടൽ കാലത്തു പ്രതിസന്ധികളെ മറികടക്കാൻ വിവിധ സമൂഹങ്ങൾ കണ്ടെത്തിയ മാർഗങ്ങളെ സംബന്ധിച്ച് വികൽപ് സംഗം കോർ ഗ്രൂപ് തയ്യാറാക്കിയ പഠനപരമ്പരയുടെ ഭാഗമാണ് ഈ കൃതി. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇക്കാലത്ത് ഭക്ഷ്യവിഭവങ്ങളുടെ അഭാവം, തൊഴിൽ നഷ്ടം, ആരോഗ്യപ്രശ്നങ്ങൾ, തൊഴിലിടങ്ങളിൽ നിന്ന് പറിച്ചെറിയൽ തുടങ്ങിയ കാരണങ്ങളാൽ നിരവധിയാളുകൾ കഷ്ടപ്പെടുകയുണ്ടായി. എന്നാൽ ഭക്ഷ്യസുരക്ഷ, ആരോഗ്യം, ജീവനം, ഭരണം തുടങ്ങിയ മേഖലകളിൽ ക്രിയാത്മകമായ മാതൃകകൾ സൃഷ്ടിച്ച പല സമൂഹങ്ങളും പ്രശ്നങ്ങളെ ഫലപ്രദമായി നേരിട്ടു.

### പരമ്പരയിൽ പുറത്തുവന്ന കൃതികൾ

'സാധാരണ' മനുഷ്യരുടെ അസാധാരണ പ്രവൃത്തികൾ: മഹാമാരിക്കും അടച്ചിടലിനും അപ്പുറം
വോള്യം 1 | ഗ്രാഫിക് നോവൽ

സാമൂഹികവനാവകാശവും മഹാമാരിയും: ഗ്രാമസഭകൾ വഴികാട്ടുന്നു
വോള്യം 2 | ഗ്രാഫിക് നോവൽ

മഹാമാരിയെ നേരിടൽ പശ്ചിമ ഹിമാലയത്തിൽ
വോള്യം 3

പ്രതീക്ഷയുടെ വിത്തിടൽ: ക്രിയാത്മക മാറ്റത്തിനു വനിതാസംരംഭങ്ങൾ
വോള്യം 4

മാനുഷികവും പാരിസ്ഥിതികവുമായ വിഷയങ്ങളിൽ നീതിപൂർവകവും തുല്യതയിൽ അധിഷ്ഠിതവും നിലനിൽക്കുന്നതുമായ ബദലുകൾക്കു വേണ്ടി അന്വേഷിക്കുന്ന പ്രസ്ഥാനങ്ങൾ, വ്യക്തികൾ, ഗ്രൂപ്പുകൾ എന്നിവയുടെ കൂട്ടായ്മയാണ് വികൽപ് സംഗം. നിലവിലെ വികസനസങ്കല്പത്തെയും അതിന്റെ അടിസ്ഥാനമായ അനീതിയുടെയും അസമത്വത്തിന്റെയുമായ സാമൂഹിക മാതൃകകളെയും അത് തിരസ്കരിക്കുന്നു. ദർശനത്തിലും പ്രയോഗത്തിലും ബദൽ മാതൃകകൾക്കായി അത് അന്വേഷണം നടത്തുന്നു. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിലെ എഴുപതോളം പ്രസ്ഥാനങ്ങളും സംഘടനകളും അതിന്റെ കോർ ഗ്രൂപ്പിൽ അംഗങ്ങളാണ് (ലിസ്റ്റ് താഴെ ).
കൂടുതൽ വിവരങ്ങൾക്ക്: https://www.vikalpsangam.org/about/

- ACCORD (Tamil Nadu)
- Alliance for Sustainable and Holistic Agriculture (national)
- Alternative Law Forum (Bengaluru)
- Ashoka Trust for Research in Ecology and the Environment (Bengaluru)
- BHASHA (Gujarat)
- Bhoomi College (Bengaluru)
- Blue Ribbon Movement (Mumbai)
- Centre for Education and Documentation (Mumbai)
- Centre for Environment Education (Gujarat)
- Centre for Equity Studies (Delhi)
- CGNetSwara (Chhattisgarh)
- Chalakudypuzha Samrakshana Samithi / River Research Centre (Kerala)
- ComMutiny: The Youth Collective (Delhi)
- Deccan Development Society (Telangana)
- Deer Park (Himachal Pradesh)
- Development Alternatives (Delhi)
- Dharamitra (Maharashtra)
- Dinesh Abrol
- Ekta Parishad (several states)
- Ektha (Chennai)
- EQUATIONS (Bengaluru)
- Extinction Rebellion India (national)
- Gene Campaign (Delhi)
- Goonj (Delhi)
- Greenpeace India (Bengaluru)
- Health Swaraaj Samvaad (national)
- Ideosync (Delhi)
- Jagori Rural (Himachal Pradesh)
- Kalpavriksh (Maharashtra)
- Knowledge in Civil Society (national)
- Kriti Team (Delhi)
- Ladakh Arts and Media Organisation (Ladakh)
- Let India Breathe (national)
- Local Futures (Ladakh)
- Maadhyam (Delhi)
- Maati (Uttarakhand)
- Mahila Kisan Adhikar Manch (national)
- Mahalir Association for Literacy, Awareness and Rights (MALAR)
- Mazdoor Kisan Shakti Sangathan (Rajasthan) Revitalising Rainfed Agriculture Network (national)
- National Alliance of Peoples' Movements (national)
- National Campaign for Dalit Human Rights (national)
- Nirangal (Tamil Nadu)
- North East Slow Food and Agrobiodiversity Society (Meghalaya)
- People's Resource Centre (Delhi)
- People's Science Institute (Uttarakhand)
- reStore (Chennai)
- Sahjeevan (Kachchh)
- Sambhaavnaa (Himachal Pradesh)
- Samvedana (Maharashtra)
- Sangama (Bengaluru)
- Sangat (Delhi)
- School for Democracy (Rajasthan)
- School for Rural Development and Environment (Kashmir)
- Shikshantar (Rajasthan)
- Snow Leopard Conservancy India Trust (Ladakh)
- Sikkim Indigenous Lepcha Women's Association
- Social Entrepreneurship Association (Tamil Nadu)
- SOPPECOM (Maharashtra)
- South Asian Dialogue on Ecological Democracy (Delhi)
- Students' Environmental and Cultural Movement of Ladakh (Ladakh)
- Sushma Iyengar
- Thanal (Kerala)
- Timbaktu Collective (Andhra Pradesh)
- Titli Trust (Uttarakhand)
- Travellers' University (national)
- Tribal Health Initiative (Tamil Nadu)
- URMUL (Rajasthan)
- Vrikshamitra (Maharashtra)
- Watershed Support Services and Activities Network (Andhra Pradesh/Telangana)
- Youth Alliance (Delhi)
- Yugma Network (national)